**സബ്മിഷൻ**

കേരളത്തിൽ നിന്ന് ഡൽഹിയിൽ എത്തുന്നവർക്ക് താമസ സൗകര്യം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. ഹൈബി ഈഡൻ: സർ, ആയിരക്കണക്കിന് വിദ്യാർത്ഥികളും കായിക താരങ്ങളും അഭിഭാഷകരും ടൂറിസ്റ്റുകളും ആശ്രയിക്കുന്നതും ട്രെയ്ഡ് എക്സിബിഷനുകൾ നടക്കുന്ന സ്ഥലവുമാണ് ഡൽഹി. പലപ്പോഴും നമ്മൾ നല്ല ഭക്ഷണത്തിനും കോസ്റ്റ് എഫക്ടീവായിട്ടുള്ള താമസ സൗകര്യത്തിനും ആശ്രയിക്കുന്നത് കേരളാ ഹൗസിനെയാണ്. കേരളാ സ്റ്റേറ്റ് ഗവൺമെന്റിന്റെ അധീനതയിലുള്ള പതിനാറ് ഏക്കറോളം വരുന്ന സ്ഥലം കേരളാ ഹൗസിന്റെ മെയിൻ ബ്ലോക്ക്, കപൂർത്തല ഹൗസ്, ട്രാവൻകൂർ പാലസ് എന്നീ മൂന്ന് സ്ഥലങ്ങളിലായിട്ടുണ്ട്. ആ സ്ഥലം വർഷങ്ങളായി വിനിയോഗിക്കാതെ കിടക്കുകയാണ്. നമ്മുടെ ഡിമാൻഡ് മീറ്റ് ചെയ്യാൻ പറ്റാത്ത തരത്തിലുള്ള ആളുകൾ കേരളാ ഹൗസിനെ ആശ്രയിക്കാറുണ്ട്. പലപ്പോഴും റൂമിന്റെ ഷോർട്ടേജ് കാരണം അവർക്ക് താമസിക്കാനുള്ള സൗകര്യമുണ്ടാകാറില്ല. മറ്റ് ഭവനങ്ങളിൽ സൗകര്യവും അവരുടെ തന്നെ സ്റ്റേറ്റിന്റെ തനതായ നാടൻ ഭക്ഷണ ക്രമങ്ങളുമെല്ലാം പബ്ലിക്കിന് ഓപ്പൺ ചെയ്തു കൊടുത്തിരിക്കുകയാണ്. നമുക്ക് ലിമിറ്റഡ് ആളുകൾക്ക് മാത്രമാണ് ഭക്ഷണം കഴിക്കാനുള്ള സൗകര്യം പോലുമുള്ളത്. ട്രാവൻകൂർ പാലസിൽ നമ്മുടെ ഒരു ആർട്ട് ഗ്യാലറി പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഇപ്പോൾ അത് നിലവിലില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ പൈതൃക കലകളെല്ലാം ഉൾപ്പെടുത്തി കേരളം തലസ്ഥാന നഗരിയിൽ ഷോകെയ്സ് ചെയ്യുന്ന ഒരു കൾച്ചറൽ സെന്ററായി ട്രാവൻകൂർ പാലസിനെ മാറ്റാനും നമുക്ക് ഒരുപാട് ഭൂമി

കപൂർത്തല ഹൗസിലും അതുപോലെ തന്നെ ട്രാവൻകൂർ പാലസിലുമുണ്ട്. അത് വിനിയോഗിച്ച് കോസ്റ്റ് എഫക്ടീവായ എ.സി ഡോർമെട്രി സംവിധാനവും, പുതിയ ബ്ലോക്കുകൾ 25 റൂമുകളുള്ള ബ്ലോക്കുകളായി സൃഷ്ടിച്ചാൽ കാലതാമസം വരാതെ വേഗം ഇതിന്റെ പണിപൂർത്തീകരിക്കാനും ആരംഭിക്കാനും കഴിയും. അതുപോലെ തന്നെ ചെന്നൈയിൽ വിജയിച്ച കെ.റ്റി.ഡി.സി. മോഡൽ ഹോട്ടൽ ഇവിടെ തുടങ്ങാൻ സാധിക്കുമോ? എം.എൽ.എ.–മാർക്ക് പലപ്പോഴും അവിടെ വാഹന സൗകര്യത്തിനും റൂമുകൾക്കും പരിഗണന കിട്ടാത്ത സാഹചര്യമുണ്ട്.  അതുംകൂടി സബ്മിഷനിലൂടെ സാറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,  ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ മൂന്ന് പ്ലോട്ടുകളിലായി പതിനാറ് ഏക്കറോളം സ്ഥലമുണ്ട്.  മറ്റൊരു സ്റ്റേറ്റിനും ഇല്ലാത്ത അപൂർവ്വമായിട്ടുള്ള ഒരു നേട്ടമാണ് കേരളത്തിന് ഡൽഹിയിൽ ഉണ്ടായിട്ടുള്ളത്.  കൊച്ചിൻ ഹൗസിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ട്രാവൻകൂർ പാലസ് കോംപ്ലക്സും കപൂർത്തല പ്ലോട്ടും പ്രയോജനപ്പെടുത്തിക്കൊണ്ട് താമസ സൗകര്യം, റെസ്റ്റോറന്റ്, കോൺഫറൻസ് ഹാൾ  തുടങ്ങിയവ ഉൾപ്പെടുന്ന ബൃഹത്തായ ഒരു പദ്ധതിയുടെ രൂപരേഖ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയും മന്ത്രിസഭാ യോഗം അത് അംഗീകരിക്കുകയും ചെയ്തു. എന്നാൽ ഡൽഹി  മുനിസിപ്പൽ കോർപ്പറേഷൻ അതിന് അംഗീകാരം നൽകിയിട്ടില്ല. അവരുടെ അംഗീകാരം ലഭിക്കത്തക്ക വിധമുള്ള പ്ലാനും കാര്യങ്ങളും നമ്മൾ തയ്യാറാക്കികൊണ്ടിരിക്കുകയാണ്. അവരുടെ അനുമതി കിട്ടുന്നതിനുസരിച്ച് നല്ല കെട്ടിടങ്ങൾ കെട്ടുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

അതിന് പുറമേ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഹോട്ടൽ ഫെസിലിറ്റിയെ സംബന്ധിച്ചിടത്തോളം കെ.റ്റി.ഡി.സി. അതിന് തയ്യാറാണ് ഗവൺമെന്റ് ആവശ്യമായ സ്ഥലം വിട്ടു കൊടുക്കണം ഡൽഹി മുനിസിപ്പൽ കൗൺസിലിന്റെ അനുമതിയും കിട്ടണം. അത് പരിശോധിക്കുന്നതാണ്. ഡൽഹിയിൽ എത്തുന്ന മലയാളികൾക്ക് ഭക്ഷണ സൗകര്യം പൂർണ്ണമായി ലഭിക്കുന്നില്ല എന്നത് കണക്കിലെടുത്തുകൊണ്ട് കേരളാ ഹൗസ് അനക്സിൽ കേരളാ രീതിയിലുള്ള ഭക്ഷണങ്ങൾ ലഭ്യമാകത്തക്ക വിധത്തിൽ 'സമൃദ്ധി' എന്ന പേരിൽ പുതിയ റെസ്റ്റോറന്റ് തുടങ്ങിയിട്ടുണ്ട്. ധാരാളം പേർ അത് പ്രയോജനപ്പെടുത്തുന്നുണ്ട്. കപൂർത്തല ഹൗസിലും ട്രാവൻകൂർ പാലസിലും താമസസൗകര്യവും ഭക്ഷണ സൗകര്യവും ലഭ്യമാക്കാൻ വേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നതാണ് എന്ന് വ്യക്തമാക്കാൻ ഉദ്ദേശിക്കുന്നു.

മി. ചെയർമാൻ: അവിടെ എം.എൽ.എ.– മാർക്ക് സഞ്ചരിക്കാൻ പലപ്പോഴും വാഹനം കിട്ടാറില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: പുതിയ കെട്ടിടം വരുന്നതോടുകൂടി ഈ വിധത്തിലുള്ള ബുദ്ധിമുട്ടുകൾ മാറികിട്ടും. അത് ഏറ്റവും വേഗമാക്കാൻ ശ്രമിക്കുന്നതാണ്.

## നഴ്സിംഗ് വിദ്യാർത്ഥികളെ റെഗുലറൈസ് ചെയ്യൽ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, മഹാരാഷ്ട്രയിൽ ബി.എസ്.സി. നഴ്സിംഗിന് ചേർന്നിട്ടുള്ള അറുന്നൂറ്റി നാൽപ്പതോളം വരുന്ന നഴ്സിംഗ് വിദ്യാർത്ഥിനികൾ അവരുടെ പഠനം പാതിവഴിക്ക് നിർത്തേണ്ടിവരുന്ന ഒരു ഗതികേടിൽ വന്നിരിക്കുകയാണ്. അതിൽ അഞ്ഞൂറോളം വിദ്യാർത്ഥിനികൾ മലയാളികളാണ്. കോമൺ എൻട്രൻസ് ടെസ്റ്റ് 2008 മുതലാണ് പ്രൊഫഷ

ണൽ കോഴ്സുകൾക്ക് അവിടെ ആരംഭിച്ചത്. 2008 മുതൽ ആരംഭിച്ച പരീക്ഷയുടെ കൂട്ടത്തിൽ മെറിറ്റ് അടിസ്ഥാനത്തിലും അവിടെ പ്രവേശനം കൊടുക്കാറുണ്ട്. അതു രണ്ടും സൈമൾട്ടേനിയസ്സായി നടക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ കുട്ടികളെല്ലാം ചേരുന്നത്. 2012 വരെയും ഇങ്ങനെ ചേരുന്ന കുട്ടികളെ റഗുലറൈസ് ചെയ്യുകയും ക്രമീകരിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ഗവൺമെന്റ് കുട്ടികൾ ചേർന്നത് റെഗുലറൈസ് ചെയ്യാൻ കഴിയില്ല എന്ന് തീരുമാനിച്ചിരിക്കുകയാണ്. രണ്ട് വർഷം പൂർത്തീകരിക്കുകയും പരീക്ഷയെഴുതുകയും ചെയ്ത കുട്ടികൾ പാതിവഴിക്ക് പഠനം നിർത്തേണ്ടിവരുന്ന ഗതികേടിലാണ്. അവരുടെ റിസൽട്ടുകൾ തടഞ്ഞുവച്ചിരിക്കുകയാണ്. അറുന്നൂറ്റി നാൽപ്പത് നഴ്സിംഗ് വിദ്യർത്ഥികളിൽ അഞ്ഞൂറ് പേരും മലയാളികളാണ്. 2008 മുതൽ റെഗുലറൈസ് ചെയ്തിരുന്ന പശ്ചാത്തലത്തിൽ ഈ വർഷംകൂടി റെഗുലറൈസ് ചെയ്ത് അവരുടെ പഠനം പൂർത്തീകരിക്കാൻ കഴിയുന്ന സൗകര്യമുണ്ടാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് മഹാരാഷ്ട്രാ ഗവൺമെന്റിൽ ഇടപെട്ട് അടിയന്തരമായി ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണമെന്ന് ഈ സബ്മിഷൻ വഴി ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ ഉന്നയിച്ച പ്രശ്നം നമ്മുടെ സംസ്ഥാനത്തുനിന്നുള്ള വളരെയധികം കുട്ടികൾ നേരിടുന്ന ഗുരുതരമായ ഒരു പ്രശ്നമാണ്. അവിടത്തെ നിബന്ധന പാലിക്കാതെ, അതിന് കുട്ടികളെ കുറ്റം പറയാൻ കഴിയില്ല, അഡ്മിഷൻ നൽകിയ കോളേജുകളുടെ ഭാഗത്ത് വന്ന തെറ്റുകളാണ്. അവരുടെ എൻട്രൻസ് എഴുതുന്ന കുട്ടികൾക്കു മാത്രമേ പുതിയതായി അഡ്മിഷൻ കൊടുക്കാവൂ എന്ന വ്യവസ്ഥ നിലനിൽക്കെ അറുന്നൂറ്റി നാൽപ്പതോളം

വിദ്യാർത്ഥികളെ എൻട്രൻസ് പരീക്ഷ എഴുതാതെ പ്രവേശിപ്പിച്ചു. രണ്ട് ലക്ഷം രൂപാ വീതം ഓരോ കുട്ടിയും മുടക്കി രണ്ട് വർഷവും കഴിഞ്ഞു. ഇപ്പോൾ ഈ തീരുമാനം നടപ്പാക്കിയാൽ 640 കുട്ടികൾക്ക് രണ്ട് ലക്ഷം രൂപവച്ച് നഷ്ടവും രണ്ട് വർഷം എന്ന അതിനേക്കാൾ വലിയ നഷ്ടവും ഉണ്ടാകും. ഇക്കാര്യം എന്റെ ശ്രദ്ധയിൽ വന്നു. അപ്പോൾ തന്നെ മഹാരാഷ്ട്രാ മുഖ്യമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പുമന്ത്രിയുമായും ബന്ധപ്പെടാനായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എങ്ങനെയും ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ വേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നു. അവിടെ ഉണ്ടാക്കിയ നിയമത്തിന് വിരുദ്ധമായ നിലപാടാണ് സംഭവിച്ചിരിക്കുന്നത്. അതിന് യഥാർത്ഥ കുറ്റവാളികൾ കോളേജുകാരാണ്. എന്നാൽ കുട്ടികളാണ് ശിക്ഷ ഏൽക്കേണ്ടി വന്നിരിക്കുന്നത്. ഇതിനൊരു പരിഹാരം ഉണ്ടാക്കാൻ പരമാവധി ശ്രമിക്കുന്നതായിരിക്കും.

## പിഴ ഒഴിവാക്കൽ

ശ്രീ. കെ. അജിത്: സർ, പാടശേഖര സമിതികളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനെ സംബന്ധിച്ചാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വെറും 200/- രൂപ മാത്രമായിരുന്ന പാടശേഖര സമിതിയുടെ രജിസ്ട്രേഷൻ തുക 2013 മുതൽ 2000/- രൂപ വരെ വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇതിലൂടെ വളരെ ബുദ്ധിമുട്ടാണ് പാടശേഖര സമിതിക്ക് ഉണ്ടായിരിക്കുന്നത്. ഇത്തരത്തിൽ പാടശേഖര സമിതികൾ ഒരുലക്ഷം രൂപയോളം കുടിശ്ശിക തുക അടയ്ക്കുകയാണെങ്കിൽ ആ പാടശേഖരത്തിലെ കൃഷി നിലനിൽനിർത്തുവാൻ സാധിക്കുകയില്ല. ഇവിടത്തെ കൃഷിമേഖലയെ സംരക്ഷിക്കണമെന്ന് വാതോരാതെ പ്രസംഗിച്ചുകൊണ്ട് നടക്കുമ്പോൾ ഇതുപോലെയുള്ള അശാസ്ത്രീയമായ നട

പടികൾ വന്നുകഴിഞ്ഞാൽ ബുദ്ധിമുട്ടാണ്. അവരുടെ ഹാൻഡിലിംഗ് ചാർജ്ജ് 12 രൂപയാണ്. കൃഷിയിടത്തുനിന്നും ലോവർ പോയിന്റിലേക്ക് ഒരു കിന്റൽ നെല്ല് എത്തിക്കണമെങ്കിൽ 12 രൂപയാണ് ഗവൺമെന്റ് കൊടുക്കുന്നത്. എന്നാലിപ്പോൾ അതും കുടിശ്ശികയാണ്. അത് വർദ്ധിപ്പിക്കുകയും വർദ്ധിപ്പിച്ച ചാർജ് കുറയ്ക്കുകയും വലിയ കുടിശ്ശികയുള്ളവർക്ക് വൺ ടൈം സെറ്റിൽമെന്റിലൂടെ ഇളവ് ചെയ്തുകൊടുക്കണം എന്നാണ് എന്റെ അഭ്യർത്ഥന.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ അനൂപ് ജേക്കബ്) സർ, 2013–14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 1955–ലെ തിരുകൊച്ചി–സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സംഘങ്ങൾ അടയ്ക്കേണ്ട ഫീസ്, പിഴ എന്നിവയിൽ വർദ്ധനവ് വരുത്തിയിരുന്നു. ഇപ്രകാരം നിരക്ക് വർദ്ധപ്പിച്ചതിനെതിരെ ജനപ്രതിനിധികളുൾപ്പെടെ അനേകം പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്, പാടശേഖര സമിതികൾ തുടങ്ങിയ സാമ്പത്തിക ശേഷി കുറഞ്ഞ സംഘങ്ങൾ മേൽപ്രകാരമുള്ള വർദ്ധനവുമൂലം കൂടുതൽ ബുദ്ധിമുട്ട് നേരിടേണ്ടതായി വന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതികൾ കണക്കിലെടുത്ത് ഈ പിഴ തുക യുക്തിസഹമായി മാറ്റം വരുത്തുമെന്ന് 2014–15 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കുന്നതോടെ ഈ പ്രശ്നത്തിന് പരിഹാരം

ഉണ്ടാകും. യുക്തിസഹമായി ഇതിനൊരു മാറ്റം വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

ആയുർവ്വേദ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സാ സൗകര്യം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ആയുർവ്വേദ ഡിസ്പെൻസറി വിപുലീകരിച്ച് കിടത്തി ചികിത്സാ സൗകര്യമുള്ള ആയുർവ്വേദ ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യവുമായിട്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇത് 60,000-ൽപരം ജനങ്ങളുള്ള വലിയൊരു പഞ്ചായത്താണ്. ഇവിടെ ആതുരസേവനരംഗത്ത് ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും, ആയുർവ്വേദ ഡിസ്പെൻസറിയും മാത്രമാണുള്ളത്. ആയുർവ്വേദ ഡിസ്പെൻസറിക്കാകട്ടെ ഒരേക്കർ 18 സെന്റ് സ്ഥലവും ഇതിനുള്ളിൽ ആശുപത്രിക്ക് ആവശ്യമായ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട് 20 ബെഡുകളുള്ള ഒരു ഹോസ്പിറ്റൽ ആക്കുവാനുള്ള ഭൗതികസൗകര്യം ഇന്ന് നിലവിലുണ്ട്. ഇക്കാര്യത്തിൽ അധികമായി വരുന്ന ജീവനക്കാരെ മാത്രം പുതുതായി സർക്കാർ നിയോഗിച്ചാൽ മതി. അതു കൊണ്ട് അവിടത്തെ ജനസാന്ദ്രത, വലിയ പഞ്ചായത്ത്, ആതുരസേവനരംഗ ത്തുള്ള അപര്യാപ്തത ഇതെല്ലാം കണക്കിലെടുത്ത് ഈ ആയുർവ്വേദ ഡിസ്പെൻസറി ഒരു ആയുർവ്വേദ ആശുപത്രിയാക്കി മാറ്റാൻ സർക്കാർ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അപേക്ഷിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി: ശ്രീ.വി. എസ്. ശിവകുമാർ സർ, മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അലനെ

ല്ലൂർ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തണമെന്നാവശ്യപ്പെട്ട് പഞ്ചായത്തിന്റെ തീരുമാനം ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഡിസ്പെൻസറിയെ 20 കിടക്കകളുള്ള ആയുർവ്വേദ ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ കെട്ടിട സൗകര്യമുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. എന്നാൽ ഡിസ്പെൻസറി അപ്ലോഡ് ചെയ്യുന്നതിന് കെട്ടിടത്തിന് പുറമെ ഭൗതികസൗകര്യങ്ങൾ ഫർണിച്ചർ, വെളിച്ചം, വെള്ളം മുതലായവ സൗകര്യങ്ങൾ പഞ്ചായത്തുകൾ ഒരുക്കിത്ത രേണ്ടതുണ്ട്. അലനെല്ലൂർ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതി നാവശ്യായ ഭൗതികസൗകര്യങ്ങളൊരുക്കിയിട്ടുണ്ടെന്ന പഞ്ചായത്തിന്റെ ഉറപ്പ് ലഭിച്ചിട്ടില്ല. പഞ്ചായത്ത് തീരുമാനം സഹിതം ഡയറക്ടർ സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുന്ന മുറയ്ക്ക് ഇത് പരിഗണിക്കുന്നതാണ്.

<u>ജനന മരണ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കൽ.</u>

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ജനന മരണങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യാൻ സാധിക്കാത്ത ആളുകളുടെ രജിസ്ട്രേഷൻ നടപടിക്രമ ങ്ങൾ ലഘൂകരിക്കണം എന്നതാണ് എന്റെ സബ്മിഷന്റെ ആവശ്യം. ജനനമരണങ്ങൾ നടന്ന് ഒരു വർഷം കഴിഞ്ഞാൽ രജിസ്റ്റർ ചെയ്യുന്നതിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ച് വില്ലേജ് ഓഫീസുകളിൽ ബന്ധപ്പെട്ട വരെ വിളിച്ചുവരുത്തി റിപ്പോർട്ട് സഹിതം താലൂക്കാഫീസുകൾ വഴി **തിന** ആർ.ഡി.ഒ. മുൻപാകെ ഹാജരാക്കുകയും ബന്ധപ്പെട്ടവരെ മുഴുവൻ ഹിയറിംഗ് നടത്തി അനുമതി കിട്ടുമ്പോഴേക്കും ഏകദേശം ഒരു വർഷം

കഴിയുന്നുണ്ട്. നിലവിൽ പാസ്പോർട്ട് എടുക്കുന്നതിനും ജനനസർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും ആധാറിൽ രജിസ്റ്റർ ചെയ്യുന്നതിനും മരണപ്പെട്ടവരുണ്ടെങ്കിൽ അവരുടെ സർട്ടിഫിക്കറ്റും ആവശ്യമാകയാൽ ജനങ്ങൾക്ക് ഇക്കാര്യത്തിൽ വലിയ പ്രയാസങ്ങൾ ഉണ്ടാക്കുന്നു. ആയതിനാൽ ഒരു നിശ്ചിത പിഴ ഈടാക്കി ജനനമരണങ്ങൾ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുന്നും ഇതിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, 1969-ലെ ജനനമരണ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 13(3) 1999-ലെ ജനനമരണ രജിസ്ട്രേഷൻ ചട്ടങ്ങൾ ചട്ടം 9, 3 എന്നിവ പ്രകാരവും ഏതൊരു ജനനവും മരണവും നടന്ന് ഒരു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാത്തപക്ഷം ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന്റെയോ പ്രസിഡൻസി മജിസ്ട്രേറ്റിന്റെയോ ഉത്തരവിൻപ്രകാരം 10 രൂപ പിഴ ഒടുക്കി രജിസ്റ്റർ ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജനനമരണ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ചട്ടം 13(3) പ്രകാരം ഏതെങ്കിലും ജനനമരണം രജിസ്റ്റർ ചെയ്തതായി കാണുന്നില്ലെങ്കിൽ രജിസ്ട്രാർ ഫോറം നം.10-ൽ ഒരു നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകി ബന്ധപ്പെട്ട സബ്ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്കാണ് ജനനവും മരണവും രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. ജനനമരണങ്ങൾ ഓൺലൈനായും നേരിട്ടും രജിസ്റ്റർ ചെയ്യുന്നതിന് കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ആശുപത്രികളിലും നിലവിൽ സംവിധാനമുണ്ട്.

കൂടാതെ ജനനവും മരണവും യഥാസമയം രജിസ്റ്റർ ചെയ്യുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. ജനനമരണം എന്നിവ ഒരു വർഷത്തിനുശേഷം രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ പര്യാപ്തമാണ്. നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണമെങ്കിൽ കേന്ദ്ര നിയമമായ 1969–ലെ ജനനമ രണ രജിസ്ട്രേഷൻ നിയമവും 1999–ലെ ജനനമരണ രജിസ്ട്രേഷൻ ചട്ടങ്ങളും ഭേദഗതി വരുത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധയിൽപ്പെ ടുത്തിയ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി നിയമഭേദഗതികൾ ആവശ്യ മാണോയെന്ന കാര്യം നിയമവകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ച് അതിനാവശ്യയിട്ടുള്ള നടപടികൾ എടുക്കാൻ കേന്ദ്രത്തോട് ശുപാർശ ചെയ്യാവുന്നതാണ്. അത് ചെയ്യാൻ ഈ വകുപ്പ് തയ്യാറാണ്.

**കുടിവെള്ള ക്ഷാമം**

ശ്രീമതി ഗീതാ ഗോപി: സർ, എന്റെ നിയോജകമണ്ഡലമായ നാട്ടിക കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശമാണ്. തീരപ്രദേശം കൂടുതലുള്ള പ്രദേശമായതിനാൽ ഉപ്പുവെള്ള ഭീഷണിയും ഈ മണ്ഡലത്തിൽ നില നിൽക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ നാട്ടിക ഫെർക്ക സമഗ്ര കുടി വെള്ള പദ്ധതിയാണ് ഈ പ്രദേശത്ത് കുടിവെള്ള വിതരണം നടത്തുന്നത്. വിതരണശൃംഖലയിലെ തകരാറുമൂലം ആഴ്ചകളോളം കുടിവെള്ള വിതരണം തകരാറിലാവുക ഇവിടെ പതിവാണ് കാട്ടൂർ, പന്നിയൂർ റോഡിൽ 4,200 മീറ്റർ നീളത്തിൽ കേടുവന്ന 700 മീറ്റർ പ്രിമോ പൈപ്പുകളാണ് മാറ്റി സ്ഥാപിക്കേണ്ടത്. 700 മീറ്റർ ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുകമാത്രമാണ്

സുഗമമായ കുടിവെള്ള വിതരണ പോംവഴി. പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന ഈ പ്രവൃത്തിക്ക് ഏകദേശം കേരള വാട്ടർ അതോറിറ്റിയുടെ ഉദ്യോഗ സ്ഥൻമാർ 7.23 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രോജക്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് 2013–14 വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തുവാൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ജല വിഭവ വകുപ്പുമന്ത്രി ഉചിതമായ മാർഗ്ഗത്തിൽ ഈ പദ്ധതി അടിയന്തരമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, നാട്ടിക നിയോജകമണ്ഡലത്തിൽ കുടിവെള്ളമെത്തിക്കുന്നത് കേരള ജല അതോറിറ്റി യുടെ നാട്ടിക ഫെർക്കാ സമഗ്ര കുടിവെള്ള പദ്ധതിയിൽനിന്നാണ്. എന്നാൽ പമ്പിംഗ് മെയിനിലും വിതരണ ശൃംഖലയിലുമുള്ള കേടായതും പഴയതുമായ പ്രിമോപൈപ്പുകളുടെ ലീക്കുകൾമൂലം സുഗമമായ കുടിവെള്ള വിതരണ ത്തിന് തടസ്സം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി നാട്ടിക ഫെർക്ക സമഗ്ര കുടിവെള്ള പദ്ധതിയുടെ വിപുലീകരണത്തിനായി 27 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് വാട്ടർ അതോറിറ്റി പരിശോധിച്ചുവരികയാണ്. പ്രസ്തുത പദ്ധതിക്ക് സർക്കാരിൽനിന്ന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനിടയിൽ പൈപ്പ് മാറ്റുന്ന കാര്യവും പ്രത്യേകം ആലോചിക്കാം.

## കഞ്ചാവിന്റെയും മയക്കുമരുന്നുകളുടെയും വ്യാപനം തടയൽ

ശ്രീ. ലൂഡിലൂയിസ്: സർ, ഭാവിതലമുറയെ നശിപ്പിക്കുന്ന കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയുന്നതിനും കഞ്ചാവ്,

മയക്കുമരുന്ന് കച്ചവടക്കാർക്ക് മൂക്കുകയറിടുന്നതിനുംവേണ്ടിയിട്ടുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. കേരളത്തിലെ ചെറുപ്പക്കാരെയും വിദ്യാർത്ഥിക ളെയും യുവാക്കളെയും ലക്ഷ്യംവച്ച് കഞ്ചാവ്-മയക്കുമരുന്നു കച്ചവടക്കാർ കെണിയൊരുക്കി കാത്തിരിക്കുകയാണോ മലയാള മനോരമ ചാനൽ ഉൾപ്പെട യുള്ള 'പുക അരുത് മക്കളെ' എന്ന പരമ്പരയിലൂടെ നമ്മൾ കണ്ടുകൊണ്ടിരി ക്കുന്നത്. ഇതുപോലെതന്നെ ഏഷ്യാനെറ്റിലെ 'കുടിയല്ലിത് ജീവിതം' ഇതു പോലെ ഒട്ടനവധി വാർത്തകൾ ഇതിനെക്കുറിച്ച് വന്നുകൊണ്ടിരിക്കുകയാണ്. ഇത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കാൻസറിനും കഠിനവേ ദനയ്ക്കുമുള്ള മുരുന്നകൾ ലഹരിമരുന്ന് എന്നുള്ള നിലയിൽ വിൽക്കപ്പെടു ന്നു. കൊച്ചി നഗരത്തിൽ 9 മാസത്തിനിടെ പിടിയിലായവരിൽ ഭൂരിഭാഗവും വിദ്യാർത്ഥകളാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലമായ മരട്, മാങ്കായ് സ്കൂളിൽ വിദ്യാർത്ഥികൾക്ക് കഞ്ചാവ് കൊടുത്ത് അവരെ പല രീതി യിലും പല പ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്തുന്നതായി വാർത്തകൾ വന്നിരുന്നു. അതുപോലെതന്നെ എറണാകുളം മഹാരാജാസ് കോളേജിലെ ഹോസ്റ്റലിൽ കഞ്ചാവ് കച്ചവടത്തിന്റെ പേരിൽ സംഘർഷങ്ങളുണ്ടായിട്ടുണ്ട്. കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗംമൂലം സമൂഹത്തിൽ സംഘട്ടനങ്ങളും കൊലപാതകങ്ങളും വാഹനാപകടങ്ങളും വിവാഹമോചന വുമൊക്കെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സമൂഹത്തിന്റെ സ്വസ്ഥതയും സുരക്ഷിതത്വവും ഇല്ലാതാക്കി കുടുംബങ്ങളിൽ നിത്യദു:ഖത്തിലാഴ്ത്തുന്ന ഭാവിതലമുറയെ നശിപ്പിക്കുന്ന കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും മരണ വ്യാപാരം ഉന്മൂലനം ചെയ്യുന്നതിനുവേണ്ടിയിട്ട് സമൂഹത്തിൽ എല്ലാവിഭാഗങ്ങ

ളെയും ഉൾപ്പെടുത്തി ഇതര സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തവും കൂടുതൽ ഫലപ്രദവുമായ രീതിയിൽ ഇത് തടയുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്ക് രൂപം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ലൂഡി ലൂയിസ് ഇവിടെ അവതരിപ്പിച്ചത്. സംസ്ഥാനത്ത് കഞ്ചാവിന്റെയും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് കഞ്ചാവിന്റെ ഉല്പാദനം മുൻകാലങ്ങളെ അപേക്ഷിച്ച് ഗണ്യമായി നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. കഞ്ചാവിന്റെയും മറ്റു മയക്കുമരുന്നുകളുടെയും ഉല്പാദനം, വിപണനം, ഉപഭോഗം എന്നിവ തടയുന്നതിന് രൂപപ്പെടുത്തിയിട്ടുള്ള 1985-ലെ കേന്ദ്ര നിയമമായ Narcotic Drugs & Psychotropic Substances Act സംസ്ഥാനത്ത് എൻഫോഴ്സ് ചെയ്യുന്നതിന് എക്സൈസ് വകുപ്പ് മുഖ്യപങ്ക് വഹിക്കുന്നുണ്ട്. എക്സൈസ് വകുപ്പ് കൂടാതെ പോലീസ് വകുപ്പും നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ തുടങ്ങിയ കേന്ദ്ര ഏജൻസികളും ഈ നിയമം എൻഫോഴ്സ് ചെയ്തു വരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കഞ്ചാവ്, മയക്കുമരുന്ന് സംഘങ്ങൾക്കെതിരെ ശക്തമായ നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. 2013 വർഷത്തിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട്

എക്സൈസ് വകുപ്പ് 790 കേസുകൾ രജിസ്റ്റർ ചെയ്യുകയും 810 കിലോഗ്രാം കഞ്ചാവ്, 6.002 കിലോഗ്രാം ഹെറോയ്ൻ, 7.089 കിലോഗ്രാം ഹാഷിഷ് ഓയിൽ, 1723 എണ്ണം ആംപ്യൂൾ, 1.25 കിലോഗ്രാം ബ്രൗൺ ഷുഗർ, 111 വാഹനങ്ങൾ എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. ഈ കേസുകളിലെല്ലാം തന്നെ പ്രതികൾക്ക് കഠിനശിക്ഷ നൽകിയിട്ടുണ്ട്. എക്സൈസ് വകുപ്പ് 2011 മുതൽ ഇതുവരെ 1618 നാർക്കോട്ടിക് കേസുകളെടുക്കുകയും 1769 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല 2691 കിലോഗ്രാം കഞ്ചാവ്, 6.12 കിലോഗ്രാം ഹെറോയ്ൻ, 7.43 കിലോഗ്രാം ഹാഷിഷ്, 5448 എണ്ണം ആംപ്യൂൾ, 100 മയക്കുമരുന്ന് ടാബ്ലറ്റ്, 65 ഗ്രാം ചരസ്സ്, 2.34 കിലോഗ്രാം ബ്രൗൺ ഷുഗർ, 1.355 ഗ്രാം ഓപ്പിയം, 157 കഞ്ചാവ് ചെടികൾ എന്നിവയും പിടിച്ചെടുത്തു. ഇവ കടത്തുവാനുപയോഗിച്ച 236 വാഹനങ്ങളും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗമില്ലാതാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്ത് കേരള ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ഫോഴ്സ് ആഭ്യന്തര വകുപ്പ് സെക്രട്ടറി ചെയർമാനായും വനം, റവന്യൂ, പോലീസ് വകുപ്പ് തലവന്മാരും എൻ.സി.ബി., ഐ.ബി. തുടങ്ങിയ കേന്ദ്ര ഏജൻസികളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി വർഷത്തിൽ രണ്ടുപ്രാവശ്യം യോഗം ചേരുകയും മയക്കുമരുന്ന് വിപണനത്തിനും നിർമ്മാണത്തിനുമെതിരായ നടപടികൾ വിലയിരുത്തുകയും ആവശ്യമായ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു

വരുന്നുണ്ട്. അതോടൊപ്പം എൻ.ഡി.പി.എസ്. കേസുകൾ കണ്ടെടുത്ത് കുറ്റമറ്റ രീതിയിൽ കോടതിയിൽ ചാർജ് ചെയ്ത് കുറ്റവാളികൾക്ക് പരമാവധി ശിക്ഷ നൽകുന്നതിനുതകുന്ന ട്രെയിനിംഗ് എക്സൈസ് അക്കാദമിയിൽ ഉദ്യോഗസ്ഥന്മാർക്ക് ഇപ്പോൾ നൽകി വരുന്നുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ കോളേജുകളിലും ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കാൻ എക്സൈസ് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. കോളേജുകളിലെ ലഹരി വിരുദ്ധ ക്ലബ് രൂപീകരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ കൊല്ലം എസ്.എൻ. കോളേജിൽ വച്ച് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് കഞ്ചാവ് കൃഷി ഇപ്പോൾ പഴയതുപോലെ നടക്കുന്നില്ല. എന്നാൽ കേരളത്തിൽ നിന്നും ധാരാളം ആളുകൾ മറ്റു സംസ്ഥാനങ്ങളിൽ പോയി, പറയപ്പെടുന്ന പല തീവ്രവാദ ഗ്രൂപ്പുകളുമായി ബന്ധപ്പെട്ടുകൊണ്ട് കഞ്ചാവ് കൃഷി ചെയ്യുകയും അവിടെനിന്ന് കേരളത്തിലേയ്ക്ക് കഞ്ചാവ് കൊണ്ടു വരികയും ചെയ്യുന്നതായി ചില റിപ്പോർട്ടുകളുണ്ട്. അതും പരിശോധിച്ചു വരികയാണ്. ശ്രീ. ലൂഡി ലൂയിസ് എം.എൽ.എ. ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. ഇക്കാര്യത്തിൽ മാധ്യമങ്ങളും സജീവമായി ഈ കാലഘട്ടത്തിൽ രംഗത്തുവന്നിട്ടുണ്ട് എന്നുള്ളത് അങ്ങേയറ്റം സ്വാഗതാർഹ മാണ്. ആവശ്യമായ എല്ലാ നടപടികളും എക്സൈസ് വകുപ്പ് സ്വീകരിക്കും എന്ന് അറിയിക്കുന്നു.

## ഭവന വായ്പ ലഭ്യമാക്കൽ

ശ്രീ. എ. എം. ആരിഫ്: സർ, എന്റെ സബ്മിഷനിൽ വായ്പ എന്നെഴുതിയിരിക്കുന്നത് ഗ്രാന്റായി തിരുത്തണം. പട്ടികജാതി-പട്ടികവർഗ്ഗ

വിഭാഗങ്ങൾക്ക് പതിറ്റാണ്ടുകളായി ഭവനനിർമ്മാണത്തിനായി വിവിധ സഹായ പദ്ധതികൾ പ്രകാരം തുക അനുവദിക്കുന്നുണ്ട്. പക്ഷേ വീട് നിർമ്മാണത്തിനാവശ്യമായ മുഴുവൻ തുകയും യഥാർത്ഥത്തിൽ ലഭിക്കുന്നില്ല എന്നുള്ളതാണ് സത്യം. കിട്ടുന്ന തുച്ഛമായ തുക കൊണ്ട് അടിത്തറ കെട്ടുമ്പോഴേയ്ക്കും ആ തുക തീരും. അതിനിടയ്ക്ക് വീട്ടിൽ ആർക്കെങ്കിലും അസുഖം വന്നാൽ ആ തുക ചികിത്സയ്ക്കെടുത്താൽ പണം തീരും. മേൽക്കൂര കെട്ടാനാകാതെ പ്ലാസ്റ്റിക് ഷീറ്റ് കൊണ്ട് വഴിയോരത്ത് ടെന്റ് കെട്ടിക്കിടക്കുന്നവരെപ്പോലെ ധാരാളം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ ത്തിലെ കുടുംബങ്ങൾ ഇന്നും കിടക്കുകയാണ്. മാറിമാറി വരുന്ന സർക്കാരു കൾ ഭവനനിർമ്മാണത്തിന് സഹായം വർദ്ധിപ്പിച്ചുനൽകുമെന്ന് പ്രഖ്യാപി ക്കും. പക്ഷേ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വർദ്ധിപ്പിച്ച തുക നേരത്തെ ഈ ഗ്രാന്റ് അനുവദിച്ചവർക്ക് ലഭിക്കില്ല. കാരണം പത്തുവർഷം കഴി ഞ്ഞാലേ പുതിയ ആനുകൂല്യത്തിന് അർഹതയുള്ളൂവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ വർദ്ധിപ്പിച്ച തുക നൽകുന്നതിൽ നിന്നും ആദ്യം അനുവദിച്ച തുകയുടെ പ്രിൻസിപ്പൽ എമൗണ്ട് (അതിന്റെ പലിശയും പിഴപ്പലിശയും ഒഴിവാക്കിക്കൊടുത്താൽ) അഡ്ജസ്റ്റ് ചെയ്ത് നൽകിയാൽ ബാക്കി തുക അവർക്ക് ഏതുവിധേനയും ലഭിക്കും, ലഭിച്ചാൽ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സഹായകമാകും. കഴിഞ്ഞ സർക്കാർ എസ്.സി./ എസ്.ടി. വിഭാഗങ്ങളുടെ 25000 രൂപ വരെയുള്ള കടം എഴുതിത്തള്ളുക യുണ്ടായി. ഏകദേശം 50,000 വീടുകൾ എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞതായാണ് കണക്ക്. ഈ ഗവൺമെന്റ് കടം എഴുതിത്തള്ളുന്നത് 50,000 രൂപയായി ഉയർത്തിയെന്ന് പ്രഖ്യാപിച്ചു. പക്ഷേ

അതുപ്രകാരം എത്രപേർക്ക് ലഭിച്ചുവെന്ന് അങ്ങ് തന്നെ പറഞ്ഞാൽ മാത്രമേ അറിയാൻ കഴിയൂ. ഇപ്പോൾ രണ്ടു ലക്ഷം രൂപ വീതമാണ് ജനറൽ വിഭാഗത്തിന് തുല്യമായി എസ്.സി./എസ്.ടി. വിഭാഗത്തിനും അനുവദിക്കുന്നത്. സാധാരണ എസ്.സി./എസ്.ടി. വിഭാഗത്തിന് കുറച്ചു കൂടുതൽ തുക അനുവദിക്കാറുണ്ട്. പക്ഷേ അതിപ്പോഴുണ്ടാകുന്നില്ല. പഞ്ചായത്തുകൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായി കിട്ടുന്ന തുകയിൽ നിന്നും അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുക ഉപയോഗിച്ചുമാണ് കെട്ടിടനിർമ്മാണം നടക്കുന്നത്. പണമില്ലാത്ത പല പഞ്ചായത്തുകളും ഭവന നിർമ്മാണ പദ്ധതികൾ എടുക്കുന്നില്ല. അതുകൊണ്ടു തന്നെ എസ്.സി./എസ്.ടി. വിഭാഗക്കാർക്കും ഫലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ച മട്ടിലാണ്. എസ്.സി./എസ്.ടി. വകുപ്പ് വഴി കൊടുക്കുന്ന തുകയും വളരെ കുറച്ച് ബെനിഫിഷ്യറീസിന് മാത്രമാണ് ലഭിക്കുന്നത്. ഇരട്ടവീട് ഒറ്റവീടാക്കുന്നതിനുള്ള പദ്ധതിയിൽ 75000 രൂപ വരെയാണ് ഇപ്പോൾ കൊടുക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ഇവിടെ പലതവണ സബ്മിഷനായി വന്നെങ്കിലും വർദ്ധിപ്പിച്ചുകൊടുത്തിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപ്പെട്ട് എപ്പോഴാണോ ലഭിക്കുന്നത്, അതിൽ ഏറ്റവും ഉയർന്ന തുകയിൽ നിന്ന് നേരത്തെ എടുത്തിട്ടുള്ള തുക അഡ്ജസ്റ്റ് ചെയ്ത് ബാക്കി തുക കൂടി കൊടുക്കാൻ തയ്യാറായാൽ മുടങ്ങിക്കിടക്കുന്ന ഒട്ടേറെ വീടുകൾ പൂർത്തീകരിക്കുവാൻ സഹായകമാകും. സ്റ്റേജ് വൈസായി മോണിറ്ററിംഗ് ഇപ്പോൾ നടക്കുന്ന രീതിയിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയാൽ മതിയാകും. അതുകൊണ്ട് മുടങ്ങിക്കിടക്കുന്ന എല്ലാ ഭവന നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിക്കത്തക്ക രീതിയിൽ എസ്.സി./എസ്.

ടി. വിഭാഗക്കാർക്ക് പ്രത്യേകമായി അവർ മുമ്പെടുത്തിട്ടുള്ള എല്ലാ തുകയും അഡ്ജസ്റ്റ് ചെയ്തു കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം എ. എം. ആരിഫ് ഇവിടെ രണ്ടു കാര്യങ്ങളാണ് സൂചിപ്പിച്ചത്. ഒന്ന്, എസ്.സി. വിഭാഗങ്ങൾക്ക് നൽകുന്ന ഭവന ധനസഹായവുമായി ബന്ധപ്പെട്ട കാര്യം. രണ്ട്, എസ്.സി. വിഭാഗങ്ങൾ വിവിധ സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയിൽ നിന്നെടുത്തിട്ടുള്ള ലോണുകളുടെ കാര്യം. ഭവന ധനസഹായം പൂർണ്ണമായും ഗ്രാന്റായിട്ടാണ് നൽകുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, അതിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്നു പറയുന്നത് ഈ ഒരു കാര്യം തന്നെയാണ്. കാരണം ഒരു വീട് നിർമ്മിക്കുവാൻ എന്താണോ ആവശ്യം, അതിന്റെ 10 ശതമാനം പോലും ഇന്ന് അവർക്ക് ലഭ്യമാകുന്നില്ല. ഓരോ ഗവൺമെന്റിന്റെ കാലത്തും ഇതുതന്നെയാണ് സാഹചര്യം. 70,000 രൂപയെന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 1,40,000 രൂപയാക്കി ഉയർത്തി. ഈ ഗവൺമെന്റ് ഒരു ലക്ഷം രൂപ എന്നുള്ളത് രണ്ടു ലക്ഷം രൂപയാക്കി ഉയർത്തി. എങ്കിൽപ്പോലും ഇന്ന് രണ്ടുലക്ഷം രൂപ എന്നു പറയുന്നത്, സ്വാഭാവികമായും ഫൗണ്ടേഷൻ കഴിഞ്ഞാൽ തന്നെ പിന്നീട് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണ്. തീർച്ചയായും കൂടുതൽ ഫണ്ട് ഭവന ധനസഹായത്തിന് വേണ്ടി അനുവദിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധനയിലാണ്. പോസിറ്റീവായ തീരുമാനം ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകുമെന്നറിയിക്കുന്നു. ഏതാണ്ട് അഞ്ചാറു വർഷക്കാലമായി പണി

പൂർത്തീകരിക്കാത്ത വീടുകൾ പലതുമുണ്ട്. ഏതാണ്ട് പതിനായിരത്തോളം വീടുകളുടെ പണി പൂർത്തീകരിക്കേണ്ട സാഹചര്യമുണ്ട്. അത്തരം വീടുകൾ കൂടി പൂർത്തീകരിക്കാനാവശ്യമായ സഹായം നൽകുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നു. അടുത്ത വർഷത്തെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്ന് കഴിഞ്ഞ കുറേ വർഷങ്ങളിലായി ഭവന ധനസഹായം ലഭിച്ചവർ പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയെന്നുള്ളതാണ്. രണ്ടാമത്തെ കാര്യം, കടം എഴുതിത്തള്ളുന്ന കാര്യമാണ്. മാർച്ച് 31, 2006 വരെ കാലയളവിലെടുത്ത 25,000 രൂപ വരെയുള്ള കടം കഴിഞ്ഞ ഗവൺമെന്റ് എഴുതിത്തള്ളിയിരുന്നു. അതേ കാലാവധി വച്ച് 50,000 രൂപ വരെ കടം എഴുതിത്തള്ളുവാനും അതിനാവശ്യമായ 17.89 കോടി രൂപ സഹകരണ വകുപ്പിന് ഗവൺമെന്റ് കഴിഞ്ഞയാഴ്ചയാണ് കൈമാറിയത്. 50,000 രൂപ വരെ മാർച്ച് 31, 2006 വരെയുള്ളത് എഴുതിത്തള്ളും. അതോടൊപ്പം തന്നെ എസ്.സി./എസ്.ടി. കോർപ്പറേഷനിൽ നിന്നുമെടുത്ത 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ലോണുകൾ പൂർണ്ണമായും എഴുതിത്തള്ളുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

**ലക്ഷംവീട് കോളനിയിലെ താമസക്കാർക്ക് പട്ടയവും വീടും നിർമ്മാണത്തിന് ധനസഹായം**

ശ്രീ. കെ. ശിവദാസൻ നായർ: സർ, സംസ്ഥാനത്തെ ലക്ഷംവീട് കോളനികളിൽ ഇപ്പോൾ കൈവശക്കാരായിട്ടിരിക്കുന്ന, താമസിക്കുന്ന ആളുകൾക്ക് പട്ടയം ലഭിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പല ആളുകളുടെ കയ്യിൽനിന്ന് കൈമാറി നിരവധി ആളുകൾ ലക്ഷംവീട് കോളനികളിൽ താമസക്കാരായിട്ടുണ്ട്. അവർക്ക് പട്ടയം ലഭിക്കു

ന്നില്ല. പട്ടയം ലഭിക്കാത്തതുകൊണ്ട് പലകാര്യങ്ങൾക്കും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. പുതിയതായി വീട് വയ്ക്കുന്നതിനുള്ള അപേക്ഷകൾപോലും കൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ലക്ഷം വീട് കോളനിയിൽ താമസി ക്കുന്ന നിലവിലെ കൈവശക്കാർക്ക് പട്ടയം ലഭിക്കുന്നതിന് സത്വരമായ നടപടികൾ കൈകൊള്ളണം. അതുപോലെ ട്വിൻ ഹൗസസ് എന്ന നിലയിലാണ് തുടങ്ങിയത്. അതായത് ഒരു കെട്ടിടത്തിൽ രണ്ട് വീട് എന്നുള്ള രീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. അങ്ങനെ നിർമ്മിച്ചതിൽ പല അസൗകര്യ ങ്ങളും നേരിടുന്നതുകൊണ്ട് പല ആളുകളും വീട്വിട്ടുപോവുകയും ചെയ്തിട്ടുണ്ട്. അതിനാൽ ഒരു വീടെന്ന നിലയിൽ പുതുക്കി പണിയുന്നതിന് ധനസഹായം കൊടുക്കണം അതല്ലെങ്കിൽ ലക്ഷംവീട് കോളനിയിൽ താമസി ക്കുന്നവരുടെ ജീവിതം ദുസ്സഹമാകുമെന്നുള്ളതുകൊണ്ട് പുതിയ വീട് വയ്ക്കുന്നതിന് ധനസഹായം കിട്ടുന്നതിനുള്ള നടപടികൂടി കൈകൊള്ളേണ്ട തായിട്ടുണ്ട്. അക്കാര്യത്തിൽ ഗവൺമെന്റിന്റെ അടിയന്തരമായ ശ്രദ്ധ ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സർക്കാർ ചെലവിൽ വസ്തു വാങ്ങിയാണ് ലക്ഷംവീട് പദ്ധതി 1972-മുതൽ നടപ്പാക്കി വരുന്നത്. ലക്ഷംവീട് കോളനിയിലെ കൈവശക്കാർ അർഹരും സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ടവരുമാണെങ്കിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ അംഗീകരിക്കുന്ന പക്ഷം അവർക്ക് പട്ടയം നൽകുന്നതാണ്. 20.05.1997-ലെ ജി.ഒ.(എം.എസ്) 355/97/ആർ.ഡി. പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിൽ ലക്ഷംവീട് കോളനി

നിവാസികൾക്ക് പട്ടയം നൽകുന്നതാണ്. കേരളം ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയങ്ങളുടെ വ്യവസ്ഥകളും ലക്ഷംവീട് ഗ്രാമീണ ഭൂരഹിത തൊഴിലാളികൾക്ക് പുനരധിവാസ ഭവനനിർമ്മാണ പദ്ധതികളുടെ വ്യവസ്ഥകൾ, ഭൂമിപതിവ് ചട്ടങ്ങളിൽ നിന്ന് വ്യത്യസ്തമായതിനാൽ മേൽപ്പടി ചട്ടങ്ങൾ പ്രകാരമുള്ള ഒ.എ/പട്ടയ ഫോറങ്ങളിൽ ഭൂമി അന്യാധീനപ്പെടു ത്തുവാനുള്ള വ്യവസ്ഥകൾ ഒഴിവാക്കി ഭൂമി വിതരണം ചെയ്യണമെന്ന ആവശ്യം സർക്കാർ പരിശോധനയിലാണ്. 10.12.2013-ലെ 3034/13/തദ്ദേശ സ്വയംഭരണം ഉത്തരവുപ്രകാരം എം.എൻ. ലക്ഷംവീട് പദ്ധതിയിൽ duplex വീടുകൾക്ക് പകരം പുതിയ വീടുകൾ നിർമ്മിക്കുന്നതിന് സിംഗിൾ യൂണിറ്റിന് രണ്ടുലക്ഷം രൂപവരെയും ധനസഹായം നൽകുന്നതിന് ഗ്രാമപഞ്ചായത്തു കളെ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. മേൽപ്പടി പദ്ധതിക്ക് നാളിതുവരെ 56 കോടിരൂപയാണ് സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ളത്. 18489 വീടുകളാണ് പുനർനിർമ്മിക്കേണ്ടതായി കണക്കാക്കിയിട്ടുള്ളത്. 31.12.2013-ലെ കണക്കുപ്രകാരം 12755 വീടുകൾക്ക് സബ്സിഡി അനുവദിക്കു കയും 8069 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 6465 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 54.84 കോടി രൂപയാണ് വീടുക ളുടെ നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുള്ളത്. നേരത്തെ പട്ടയം കൊടുത്തിരുന്ന ആളുകൾ കൈമാറ്റം നടത്തിയതിനുശേഷം പുതിയ ആളുക ളാണ് ലക്ഷം വീട് കോളനികളിലെ പല മേഖലയിലും താമസിക്കുന്നതെന്ന വ്യാപകമായ പരാതിയാണ് ലക്ഷംവീട് കോളനിയിലെ ഓരോ മേഖലകളിൽ എത്തുമ്പോഴും കിട്ടുന്നത്. അവരുടെ കാര്യവും വളരെ പ്രാധാന്യത്തോടു കൂടി, അർഹിക്കുന്ന ഗൗരവത്തോടുകൂടി പഞ്ചായത്തിന്റെ ശുപാർശകൂടി

കണക്കിലെടുത്തുകൊണ്ട് അവർക്ക് പട്ടയം അടിയന്തരമായി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം**

ശ്രീ. സാജുപോൾ: സർ, കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ ചരിത്രത്തിൽ ഇന്നുവരെയും ഉണ്ടാകാത്ത പ്രശ്നം, മുമ്പ് പാഠപുസ്തകങ്ങൾ സമയത്തിന് കൊടുക്കാത്തത് സംബന്ധിച്ച് വിവാദങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ ഈ അദ്ധ്യയന വർഷം അവസാനിക്കാറായിട്ടും നമ്മുടെ നാട്ടിലെ അമ്പത് ലക്ഷത്തോളം വരുന്ന സ്കൂൾ വിദ്യാർത്ഥികളിൽ ബി.പി.എൽ. വിഭാഗകാർക്കും എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും നൽകുന്ന യൂണിഫോമിന്റെ കാര്യത്തിലും ഒരു തീരുമാനവുമായില്ല. ഈ അദ്ധ്യയന വർഷം അവസാനിക്കുന്നതിനുമുമ്പ് സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം കൊടുക്കുമെന്ന് ചോദ്യോത്തര വേളയിൽ ബഹുമാനപ്പെട്ട മന്ത്രി മുമ്പ് പറഞ്ഞിട്ടുണ്ടായിരുന്നു. ഇത് എന്ത് യുക്തിയാണ് ? ആറിയ കഞ്ഞി പഴങ്കഞ്ഞിയെന്നാണല്ലോ പറയുന്നത്. ഇതിൽ കുറേ കമ്പനികളെ ലിസ്റ്റ് ചെയ്തിട്ടുണ്ട്. അതിൽ 30 ശതമാനം തുണികളും മഫത്‌ലാൽ എന്ന കമ്പനിയിൽ നിന്നാണ് എടുക്കുന്നത്. എന്നാൽ ലിസ്റ്റിൽപ്പെട്ട പല കമ്പനികളും യഥാർത്ഥത്തിൽ മാർക്കറ്റിലുള്ളവരോ ഉത്പാദനം നടത്തുന്നവരോ അല്ല. 19 തരത്തിലുള്ള ഡിസൈനെന്നാണ് പറഞ്ഞിട്ടുള്ളത്. അതിൽ ബഹുഭൂരിപക്ഷം ഡിസൈനുള്ള തുണികളും ഈ കമ്പനികളുടെ കൈവശമില്ല. അപ്പോൾ ഇത് പുറത്തുനിന്ന് വാങ്ങാനുള്ള നിർദ്ദേശമാണ് കൊടുക്കുന്നത്. പി.ടി.എ. കമ്മിറ്റികൾ വളരെ പ്രശ്നത്തിലാണ്.

പതിനായിരം രൂപ ഫീസ് നൽകി ടെസ്റ്റ് ചെയ്യണം. അതുപോലെ വാങ്ങി ധരിക്കുന്ന യൂണിഫോമും ഇവർ സപ്ലൈ ചെയ്യുന്ന യൂണിഫോമും തമ്മിൽ വ്യത്യാസമുള്ളതുകൊണ്ട് ഈ കുട്ടികളെ തിരിച്ചറിയുന്ന സ്ഥിതിവരും. യൂണിഫോമെന്നാൽ, എല്ലാവരും സമഭാവനയോടുകൂടി ഒരേതരത്തിലുള്ള വേഷം ധരിച്ച് വ്യത്യസ്തതകളില്ലാതെ സ്കൂളിൽ വരുകയെന്നുള്ള സങ്കൽപ്പമല്ലേ. 400 രൂപയ്ക്ക് രണ്ടുജോടി യൂണിഫോം വാങ്ങാൻ കഴിയില്ല. ഇതുസംബന്ധിച്ച് മലയാള മനോരമ ഉൾപ്പെടെയുള്ള പത്രങ്ങൾ എഡിറ്റോറിയൽ വരെ പ്രസിദ്ധീകരിച്ചു. അങ്ങേയറ്റം വലിയ അലംഭാവമാണ് ഇക്കാര്യത്തിൽ ഗവൺമെന്റ് വരുത്തിയിട്ടുള്ളത്. ഇപ്പോൾ കലാമേളകളും കായികമേളകളുമെല്ലാം കഴിഞ്ഞ് പരീക്ഷാപനിയുടെയും പരീക്ഷാ പേടിയുടെയും ഘട്ടമെത്തിയിട്ടും നാട്ടിൽ യൂണിഫോം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതിവേഗം ബഹുദൂരമെന്ന് പറയുന്നത് ഇതാണോ? അടിയന്തര മായി ഇക്കാര്യത്തിൽ കൃത്യമായ തീരുമാനവും വ്യക്തതയും ഉണ്ടാക്കണം. അദ്ധ്യയന വർഷം അവസാനിക്കുന്നതിനുമുമ്പ് കൊടുക്കുമെന്ന പ്രഖ്യാപനത്തേക്കാളുപരിയായി ഇക്കാര്യത്തിൽ എന്തുചെയ്യാൻ പോകുന്നുവെന്നത് കൃത്യമായി ആത്മാർത്ഥതയോടു കൂടിയുള്ള സമീപനം സ്വീകരിച്ചുകൊണ്ട് കേരളീയ സമൂഹത്തോട് ഉത്തരം പറയാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, എസ്. എസ്.എ. പദ്ധതി പ്രകാരം സർക്കാർ സ്കൂളിലെ ഒന്നു മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള ആൺകുട്ടി കളൊഴിച്ചുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം

നടത്തുന്നുണ്ട്. എന്നാൽ എം.എച്ച്.ആർ.ഡി. മാനദണ്ഡം അനുസരിച്ച് എയിഡഡ് മേഖലയിൽ പഠിക്കുന്ന ഇതേ കാറ്റഗറിയിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്തെ എയിഡഡ് മേഖലയിൽ പഠിക്കുന്ന ഇതേ കാറ്റഗറിയിൽപ്പെട്ട വിദ്യാർത്ഥികൾക്കുകൂടി ഈ ആനുകൂല്യം ലഭ്യമാക്കികൊണ്ട് വിവേചന പരമായ ഈ സ്ഥിതിക്ക് പരിഹാരം ഉണ്ടാക്കുന്നതിന് സർക്കാർ തീരുമാനിച്ചത്. സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ച ബൃഹത്തായ വിദ്യാർത്ഥിക്ഷേമ പദ്ധതിക്കായി എൺപത് കോടി രൂപ അനുവദിക്കുകയും ഗുണമേന്മയുള്ള തുണിത്തരങ്ങൾ വിതരണം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പിനായി വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷനായി ടെൻഡർ ഫോർമുലേഷൻ ആന്റ് ഇവാല്യുവേഷൻ കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി ഇ-ടെൻഡർ സംവിധാനത്തിലൂടെ യോഗ്യതയുള്ള എട്ട് കമ്പനികളെ എംപാനൽ ചെയ്യുകയും ചെയ്തു. ഈകൂട്ടത്തിൽ പൊതുമേഖലാ സ്ഥാപനമായ നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷനേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് സ്കൂൾ അധികൃതർക്ക് എംപാനൽ ചെയ്ത കമ്പനികളിൽനിന്നോ ഗുണമേന്മ ഉറപ്പുവരുത്തി പൊതുമാർക്കറ്റിൽ നിന്നോ യൂണിഫോം തുണിത്തരങ്ങൾ വാങ്ങുന്നതിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്കുള്ള ചെലവിന്റെ ആദ്യഗഡുവായി 25 കോടി രൂപ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകി കഴിഞ്ഞിട്ടുണ്ട്. ഇരുപത്തിയൊന്ന് ലക്ഷം വിദ്യാർത്ഥികൾ ഗുണഭോക്താക്കളായി വരുന്ന ഈ വൻ പദ്ധതി കുറ്റമറ്റ രീതിയിലും സുതാര്യമായും നടപ്പിലാക്കുന്നതിനുള്ള ഇ-ടെൻഡർ നടപടികൾ

പൂർത്തിയാക്കുന്നതിനും ഗുണഭോക്താക്കളുടെ വിവരശേഖരണത്തിനും സമയം ആവശ്യമായി വന്നതിനാലുമാണ് കാലതാമസം നേരിട്ടത്. എന്നിരുന്നാലും നടപടിക്രമങ്ങളെല്ലാം കഴിയുന്നതുംവേഗത്തിൽ പൂർത്തിയായിട്ടുണ്ട്. 2014 ജനുവരി 17-ന് മുമ്പ് എല്ലാ സ്കൂൾ അധികാരികളോടും യൂണിഫോമിന് സപ്ലൈ ഓർഡർ നൽകി യൂണിഫോം മെറ്റീരിയൽസ് വാങ്ങാനും വിവരം ബന്ധപ്പെട്ട എ.ഇ. ഓഫീസിൽ അറിയിക്കാനും നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്. രണ്ട് ജോടി യൂണിഫോമിന് നിശ്ചയിച്ചിട്ടുള്ള 400 രൂപ അപര്യാപത്മാണെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എം.എച്ച്.ആർ.ഡി. മാനദണ്ഡം അനുസരിച്ച് രണ്ടുജോടി യൂണിഫോമിന് 400 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഇത് എല്ലാ സംസ്ഥാനങ്ങൾക്കും ഒരുപോലെ ബാധകമാണ്.

**കോഴിക്കോട് മലാപറമ്പ്, എ.യു.പി. സ്കൂൾ പുനരാരംഭിക്കുന്നതിന് നടപടി**

ശ്രീ. എ. പ്രദീപ്കുമാർ: സർ, എന്റെ മണ്ഡലത്തിൽ 150 വർഷത്തിലധികം പഴക്കമുള്ള മലാപറമ്പ് എ.യു.പി. സ്കൂൾ 2014-15 അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടുന്നതിനും ജീവനക്കാരെ പുനർവിന്യസിക്കുന്നതിനും സർക്കാർ ഉത്തരവിട്ടിരിക്കുകയാണ്. കഴിഞ്ഞ നവംബർ ഒന്നാം തീയതി, ശ്രേഷ്ഠഭാഷാ ദിനത്തിലാണ് മലയാളം മീഡിയം സ്കൂൾ അടച്ചുപൂട്ടാൻ ഗവൺമെന്റ് ഉത്തരവിട്ടത്. ഒരു കോടതിവിധിയുണ്ടെന്ന വ്യാജേനയാണ് ഇങ്ങനെയൊരു ഉത്തരവിലേയ്ക്ക് പോകുന്നത്. നേരത്തെ, എയ്ഡഡ് സ്കൂളിന്റെ മാനേജർ ഡി.പി.ഐ.-യെ സമീപിപ്പിച്ചപ്പോൾ ഒരു കാരണവശാലും മാനേജറുടെ ആവശ്യം അംഗീകരിക്കാൻ കഴിയില്ലെന്ന് കഴിഞ്ഞ ഗവണമെന്റിന്റെ കാലത്ത് വ്യക്തമാക്കുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷവും ഡി.

പി.ഐ. അനുകൂലമായ സമീപനം സ്വീകരിച്ചില്ല. ഗവൺമെന്റ് മാനേജരുടെ പരാതി ഹിയർ ചെയ്തുകൊണ്ട് യുക്തമായ തീരുമാനം എടുക്കണമെന്നാണ് കോടതി പറഞ്ഞത്, അടച്ചുപൂട്ടാൻ പറഞ്ഞിട്ടില്ല. ഇപ്പോൾ ഗവൺമെന്റ് സെക്രട്ടറിയാണ് ഉത്തരവ് ഇറക്കിയിരിക്കുന്നത്. കെ.ഇ.ആർ. അനുസരിച്ച് ഡി.പി.ഐ.–ക്ക് മാത്രമാണ് സ്കൂൾ അടച്ചുപൂട്ടാൻ ഉത്തരവിടാൻ അവകാശമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ അതിനെ മറികടന്നുകൊണ്ടാണ് ഇവിടെ ചെയ്തിരിക്കുന്നത്. എന്നാൽ ഇവിടെ മാനേജരുടെ താൽപ്പര്യമാണ് പ്രധാനമായും എടുത്തത്. മാനേജർക്ക് ഭൂമി കച്ചവടത്തിനാണ് പ്രധാന താൽപ്പര്യം. ഈ സ്കൂൾ നിൽക്കുന്നത് എൻ.എച്ച്. ബൈപ്പാസും നാഷണൽ ഹൈവേ 212–ഉം ജോയിൻ ചെയ്യുന്ന മലാപറമ്പ് ജംഗ്ഷനിലാണ്. ഒരു സെന്റ് ഭൂമിക്ക് 25 ലക്ഷം രൂപയെങ്കിലും വിലയുണ്ട്. ഈ സ്കൂൾ 150 വർഷം പഴക്കമുള്ള മാനേജ്മെന്റല്ല നടത്തികൊണ്ടിരുന്നത്. ഏതാനും വർഷം മുമ്പ് ഇപ്പോഴുള്ള മാനേജർ സ്കൂൾ വാങ്ങുകയായിരുന്നു. അതിനുതൊട്ട് പിന്നിൽ ഭൂമാഫിയ സ്ഥലം വാങ്ങിയിട്ടുണ്ട്. ഈ സ്കൂൾ ഇല്ലാതാകുന്നതോടെ അദ്ദേഹത്തിന്റെ ഭൂമിയിലേയ്ക്ക് ഓപ്പണിംഗ് കിട്ടും. ഇതിനുവേണ്ടി കള്ള റിപ്പോർട്ടുണ്ടാക്കിയാണ് ഗവൺമെന്റ് ഇത് ചെയ്തുകൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അതിനകത്ത് പങ്കാളിയാണെന്ന് ഞാൻ ഒരിക്കലും ആക്ഷേപിക്കുകയില്ല. വ്യക്തിപരമായി അങ്ങ് ഇത് ചെയ്തുവെന്നല്ല ഞാൻ പറയുന്നത്. ഇത് അങ്ങയുടെ മുമ്പിൽ എത്തിച്ച് തീരുമാനം ഉണ്ടാക്കിയിട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് ഈ ഭൂമി മാഫിയയുടെ കയ്യിൽ നിന്ന് എന്ത് പങ്കു കിട്ടിയെന്നുള്ള കാര്യംകൂടി അന്വേഷിക്കേണ്ടതുണ്ട്.

ഈ എ.യു.പി. സ്കൂളിന് മുപ്പത്തിയഞ്ചര സെന്റ് സ്ഥലമാണുള്ളത്. എൻ.എച്ച്. വികസനം വരുന്ന സമയത്ത് ആ സ്കൂളിലെ മൂന്ന് ക്ലാസ് റൂമുകൾ പോകുമെന്നും പകരം ക്ലാസ് റൂം ഉണ്ടാക്കാൻ സ്ഥലമുണ്ടാകില്ലെന്നുമുള്ള ന്യായമാണ് ഗവൺമെന്റ് പറയുന്നത്. എൻ.എച്ച്. വികസനം വരുമ്പോൾ ഒന്നര സെന്റ് സ്ഥലമാണ് പോകുന്നത്. പകരം പതിനഞ്ച് ക്ലാസ് റൂം ഉണ്ടാക്കാനുള്ള സ്ഥലം അവിടെ ബാക്കിയുണ്ടാകും. ഈ എ.യു.പി. സ്കൂളിനടുത്ത് ചില എൽ.പി. സ്കൂളുകളുണ്ടെന്ന് പറയുന്നു. അത് അൺ-എയ്ഡഡ് സ്കൂളുകളാണ്. ഒരു എയ്ഡഡ് എൽ.പി. സ്കൂൾ തൊട്ടപ്പുറത്തുണ്ട്. ഇത് യു.പി. സ്കൂളാണ്. ഈ നിലയിൽ മാനേജർക്ക് അനുകൂലമായ വാദഗതികൾ നിരത്തിയാണ് ഈ സ്കൂൾ അടച്ചുപൂട്ടാനുള്ള ഉത്തരവ് ഇപ്പോൾ ഇട്ടിരിക്കുന്നത്. എന്റെ മണ്ഡലത്തിലുള്ള സ്കൂളാണിത്. ഈ സ്കൂൾ അടച്ചുപൂട്ടുന്ന സമയത്ത്, ഇത് അടച്ചു പൂട്ടുന്നതിൽ വിരോധമുണ്ടോ; ഇത് നിലനിൽക്കുന്ന സ്കൂൾ അല്ലേ; അൺ-എക്കണോമിക് ആണോ എന്ന നിലയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്ക് എന്നോട് ചോദിക്കാമായിരുന്നു. നാമമാത്രമായ വിദ്യാർത്ഥികൾ മാത്രമുണ്ടായിരുന്ന അവിടത്തെ സ്കൂളുകളിൽ അത്യാവശ്യ പശ്ചാത്തല സൗകര്യങ്ങളൊക്കെ സ്കൂളുകളിൽ ഒരുക്കി ഇനി കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാൻ കഴിയാത്ത നിലയിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. അടുത്ത സമയത്താണ് ഈ സ്കൂൾ എന്റെ മണ്ഡലത്തിലേയ്ക്ക് വന്നത്. അവിടെയും ചില സൗകര്യങ്ങളൊക്കെ ഞങ്ങൾ ചെയ്തുതുടങ്ങുന്നുണ്ടായിരുന്നു. അപ്പോഴാണ് ഇത് അടച്ചുപൂട്ടാനുള്ള ഉത്തരവ് ഉണ്ടായത്. ഈ കാര്യത്തിൽ എനിക്ക് പറയാനുള്ളത്, ഭൂമി മാഫിയയുടെ സമ്മർദ്ദത്തിന് വഴങ്ങി ഈ

മാനേജരുടെ ഭൂമി കച്ചവട താൽപ്പര്യത്തിന് വിധേയമായി 150 വർഷം പഴക്കമുള്ള ഈ സ്കൂൾ അടച്ചുപൂട്ടാൻ അനുവദിക്കരുത്; അത് തുറന്ന് പ്രവർത്തിപ്പിക്കാനുള്ള സാഹചര്യം ഉണ്ടാകണം. അതിന് മാനേജർക്ക് താൽപ്പര്യമില്ലെങ്കിൽ ഒരു പൈസപോലും ചെലവാക്കാതെ ഗവൺമെന്റ് ഇത് ഏറ്റെടുക്കണം. പ്രതിമാസം രണ്ടര ലക്ഷത്തിലധികം രൂപ 8 അദ്ധ്യാപകർക്കും ഒരു പ്യൂണിനും ഗവൺമെന്റ് ശമ്പളം കൊടുക്കുന്നുണ്ട്. അതുമാത്രം ഗവൺമെന്റ് ചെയ്താൽ മതി. ഗവൺമെന്റ് അത് ഏറ്റെടുത്താൽ ആ യു.പി. സ്കൂളിനെ ഒരു മാതൃകാ യു.പി. സ്കൂളാക്കാൻ ഒരു പൈസാപോലും ഗവൺമെന്റ് ചെലവാക്കണ്ട. ഞാൻ അത് ചെയ്തുകൊള്ളാം. എം.എൽ.എ. എന്ന നിലയിൽ ഞാൻ ഉറപ്പുനൽകുന്നു. ഞാൻ ആ സ്കൂളിനാവശ്യമായ ഏഴ് ക്ലാസ് റൂം, ഒരു സ്റ്റാഫ് റൂം, ഒരു സയൻസ് ലാബ്, കളിക്കളം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഏറ്റവും മികവുറ്റ നിലയിൽ അവിടെ ഒരുക്കുകയും കോഴിക്കോട് നഗരത്തിലെ മാതൃകാ പ്രൈമറി സ്കൂളാക്കി അതിനെ മാറ്റുന്ന ഉത്തരവാദിത്തം ഞാൻ ഏറ്റെടുക്കുകയാണ്. അതുകൊണ്ട് മാനേജർ സന്നദ്ധമാകുന്നില്ലെങ്കിൽ ഗവൺമെന്റ് ഇത് ഏറ്റെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് അടച്ചുപൂട്ടാൻ അങ്ങ് അനുവദിച്ചാൽ അടച്ചുപൂട്ടലിന്റെ പരമ്പര തന്നെയുണ്ടാകും. പിന്നാലെ ആളുകൾ കോടതിയിൽപ്പോകും. ഇതുപോലെ അൺ–എക്കണോമിക് എന്ന വ്യാഖ്യാനവുമായി അടച്ചുപൂട്ടാനുള്ള ഏതാണ്ട് ആയിരക്കണക്കിന് അപേക്ഷകൾ ഈ ഗവൺമെന്റിനുമുമ്പിൽ കിടക്കുന്നില്ലേ? അത് ഒന്നിനുപുറകെ ഒന്നായി അടച്ചുപൂട്ടണ്ടേ? അങ്ങയുടെ കാലത്ത് അങ്ങനെയൊരു അവസരം ഉണ്ടാക്കികൊടുക്കേണ്ടതുണ്ടോ എന്ന് അങ്ങ്

ആലോചിക്കണമെന്നും ഈ അടച്ചുപൂട്ടൽ ഉത്തരവ് പിൻവലിക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കോഴിക്കോട് ജില്ലയിലെ മലാപറമ്പ് എ.യു.പി. സ്കൂൾ മാനേജർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C) 15954/2011-ലെ ഹർജിക്ക് 15-06-2011-ലെ വിധിന്യായപ്രകാരം അപേക്ഷകൻ സർക്കാരിന് മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ പെറ്റീഷൻ പരിഗണിച്ചുകൊണ്ട് തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. മലാപറമ്പ് എ.യു.പി. സ്കൂൾ ആദായകരമല്ലെന്നും കോഴിക്കോട്-വയനാട് പാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളിന്റെ കുറച്ചുഭാഗം പൊളിച്ചുമാറ്റേണ്ടിവരുമെന്നും പുതിയ സ്കൂൾ കെട്ടിടം പണിയാൻ സ്കൂൾ പരിസരത്ത് സ്ഥലം ലഭ്യമല്ലെന്നും ആയതിനാൽ സ്കൂൾ അടച്ചുപൂട്ടാൻ അനുവാദം നൽകണമെന്നുമുള്ള മലാപറമ്പ് എ.യു.പി. സ്കൂൾ മാനേജരുടെ നിവേദനത്തിൻമേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുത സ്കൂളിന്റെ രണ്ട് കിലോമീറ്റർ ചുറ്റളവിനുള്ളിൽ അഞ്ച് എൽ.പി. സ്കൂളുകൾ പ്രവർത്തിച്ചുവരുന്നതായും വർഷംതോറും കുട്ടികൾ കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ സ്കൂൾ അടച്ചുപൂട്ടുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും ശുപാർശ ചെയ്യുകയുണ്ടായി. ഈ സ്കൂളിന്റെ ഒന്നര കിലോമീറ്റർ ചുറ്റളവിനുള്ളിൽ രണ്ട് യു.പി. സ്കൂളുകൾ പ്രവർത്തിച്ചുവരുന്നതിനാൽ സ്കൂൾ അടച്ചുപൂട്ടുന്നത് നിലവിലുള്ള വിദ്യാർത്ഥികളുടെ പഠനത്തെ ഒരുതരത്തിലും ബാധിക്കുകയില്ലെന്ന്

കാണുകയുണ്ടായി. പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 01–11–2013–ലെ സർക്കാർ ഉത്തരവ് നമ്പർ. സാധാ. 4642/2013/പൊ.വി.വ. പ്രകാരം കോഴിക്കോട് ജില്ലയിലെ മലാപറമ്പ് എ.യു.പി. സ്കൂൾ അടുത്ത അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടാനും പ്രസ്തുത സ്കൂളിലെ അദ്ധ്യാപക–അനദ്ധ്യാപക ജീവനക്കാരെ അടുത്ത വർഷംമുതൽ നിലവിലുള്ള നടപടിക്രമം പാലിച്ചുകൊണ്ട് പുനർവിന്യസിക്കുവാനും കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 1 മുതൽ 7 വരെ ക്ലാസ്സുകളിലായി 44 കുട്ടികൾ മാത്രമാണ് 2012–13 അദ്ധ്യയന വർഷം ഇവിടെ പഠിച്ചിരുന്നത്. നടപ്പുവർഷം 52 കുട്ടികൾ പഠിക്കുന്നുണ്ടെന്നും ഈ സ്കൂൾ അടച്ചുപൂട്ടുകയാണെങ്കിൽ വിദ്യാർത്ഥികളുടെ പഠനം ബുദ്ധിമുട്ടായി തീരുമെന്നും വിദ്യാർത്ഥികളും സ്കൂൾ ജീവനക്കാരും സ്കൂൾ സംരക്ഷണ സമിതിയും സർക്കാർ ചീഫ്വിപ്പും സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഈ നിവേദനത്തിൻമേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും കോഴിക്കോട് ജില്ലാ കളക്ടറുടെയും റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ഗവൺമെന്റ് എയ്ഡഡ് മേഖലകളിലായി ഏകദേശം 4500–ഓളം അനാദായകരമായ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം സ്കൂളുകളുടെ കാര്യത്തിൽ എന്ത് തീരുമാനം കൈക്കൊള്ളണമെന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി 04–02–2014–ന് ഒരു പ്രാഥമിക ചർച്ച നടത്താൻ ഉദ്ദേശിക്കുന്നു. മുകളിൽ സൂചിപ്പിച്ച

റിപ്പോർട്ടിന്റെയും ചർച്ചയുടെയും അടിസ്ഥാനത്തിൽ മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി മലാപറമ്പ് സ്കൂളിന്റെ കാര്യം പുനഃപരിശോധിക്കുന്നതും യുക്തമായ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

## C-APT-ന്റെ നവീകരണം

മി. സ്പീക്കർ: ഇതേ വിഷയത്തിന് ബഹുമാനപ്പെട്ട അംഗം കെ. മുരളീധരനും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ബി. സത്യൻ: സർ, ഞാൻ രണ്ടുമൂന്ന് പ്രാവശ്യം C-APT-നെ സംബന്ധിച്ച്, പഴയ ആഡിയോ വിഷ്വൽ അന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ തകർച്ചയും അവിടെ നടക്കുന്ന അഴിമതിയും ആക്ഷേപങ്ങളും സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും വ്യവസായ വകുപ്പുമന്ത്രിക്കുമടക്കം നിരവധി പരാതികൾ സമർപ്പിച്ചിട്ടുള്ളതാണ്. കഴിഞ്ഞ സർക്കാരിന് മുമ്പുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഈ സ്ഥാപനം 416 ജീവനക്കാരെ പിരിച്ചുവിടുകയും ആ സ്ഥാപനം തകരുകയും അവിടത്തെ ജീവനക്കാർക്ക് 18 മാസക്കാലത്തോളം ശമ്പളം നൽകാൻ കഴിയാതെ വരികയും ചെയ്തു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആ സ്ഥാപനത്തെ തകർച്ചയിൽനിന്ന് രക്ഷപ്പെടുത്തുകയും ലോട്ടറി ഉൾപ്പെടെയുള്ള പ്രിന്റിംഗ് ജോലികൾ നൽകി ആ സ്ഥാപനത്തിനെ സംരക്ഷിച്ചുവരികയും 2009–2010 സാമ്പത്തിക വർഷം ലാഭകരമാക്കി മാറ്റുകയും ചെയ്ത ഈ സ്ഥാപനത്തിൽ പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2012 മാർച്ചിൽ പുതിയ ഒരു മാനേജിംഗ്

ഡയറക്ടറെ നിയമിക്കുകയുമുണ്ടായി. അദ്ദേഹം ചുമതലയേറ്റതിനുശേഷം ഈ സ്ഥാപനം തകർച്ചയിലേയ്ക്കുപോകുകയാണ്. അടിക്കടി ലാഭകരമായിവന്ന ആ സ്ഥാപനത്തിന്റെ 2012 മാർച്ചിനുശേഷമുള്ള കാര്യങ്ങൾ പരിശോധിക്കണം. ഇത് വ്യക്തിപരമായിട്ടുള്ള എന്റെ ആക്ഷേപമല്ല. മലയാള മനോരമ, മാതൃഭൂമി, കേരള കൗമുദി, ദേശാഭിമാനി ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട പത്രമാധ്യമങ്ങളിൽ ഈ അച്ചടി സ്ഥാപനത്തിനെതിരെ വന്നുകൊണ്ടിരിക്കുന്ന ആക്ഷേപങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടു കാണുമെന്ന് ഞാൻ കരുതുകയാണ്. ഞാൻ ഓരോന്നായി ഇവിടെ പറയുന്നില്ല. 2014 ജനുവരി മാസം 22–ാം തീയതി മലയാള മനോരമ പത്രത്തിൽ ഈ സ്ഥാപനത്തിന്റെ തകർച്ചയും അവിടെ നടക്കുന്ന അഴിമതിയും അവിടെ ലോട്ടറി പ്രിന്റിംഗിനുവേണ്ടിയുള്ള ബാർ കോഡിംഗും അതുപോലെ തന്നെ നമ്പർ ഇടുന്നതിനുവേണ്ടിയുള്ള മെഷീൻ, ആ സ്ഥാപനത്തിൽ 5 മെഷീനുകൾ ഉള്ളപ്പോൾ, ചെന്നൈയിലുള്ള ഒരു കമ്പനിയിൽ നിന്നും വാടകയ്ക്ക് എടുത്ത് പ്രിന്റിംഗിന് ഇടയായ സാഹചര്യത്തെക്കുറിച്ചും പ്രതിവർഷം ഏതാണ്ട് 1,89,00,000–ത്തോളം രൂപയുടെ നഷ്ടം വരുത്തുകയും ചെയ്ത കാര്യങ്ങൾ വാർത്തയായി വന്നു. അതിന് തൊട്ടുപിന്നാലെ മാതൃഭൂമി ദിനപത്രത്തിൽ രണ്ട് ദിവസങ്ങളിലായി ഇത് പ്രസിദ്ധീകരിച്ചിരുന്നു. കഴിഞ്ഞ മാസം 22–ാം തീയതിയിലെ ദിനപത്രത്തിൽ ഈ വാർത്ത വന്നപ്പോൾ 23–ാം തീയതി മാനേജിംഗ് ഡയറക്ടർ മുഴുവൻ ജീവനക്കാരുടെയും ഒരു യോഗം ആ സ്ഥാപനത്തിൽ വിളിച്ചുചേർത്തു. എം.എൽ.എ. എന്ന നിലയിൽ മുഖ്യമന്ത്രിക്കും ബന്ധപ്പെട്ടവർക്കും പരാതി കൊടുക്കുകയും ഈ സ്ഥാപനം

തകർച്ചയിലേയ്ക്ക് പോകാൻ പോകുന്നു; ലോട്ടറി പ്രിന്റിംഗ് ഗവൺമെന്റ് നൽകാതിരിക്കാൻ പോകുകയാണ് എന്നുപറഞ്ഞ് തെറ്റിദ്ധരിപ്പിക്കുകയും ജീവനക്കാരുടെ മുന്നിൽ ഒരു സാമാജികനെന്ന നിലയിൽ എന്നെ വളരെ അപകീർത്തികരമായ നിലയിൽ മാനേജിംഗ് ഡയറക്ടർ പരാമർശിക്കുകയും ചെയ്തു. അതിനുശേഷം ഞാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് പരാതി കൊടുത്തിട്ടുണ്ട്. ഇവിടെ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കണമെന്ന് ഞാനിവിടെ സൂചപ്പിക്കുമ്പോൾ അങ്ങ് മനസ്സിലാക്കണം, ലോട്ടറിയുടെ പ്രിന്റിംഗ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കൊടുത്തതാണ്. മാതൃകാപരമായി പ്രിന്റിംഗ് ജോലികൾ ചെയ്യണമെന്നും അതീവ സുരക്ഷതത്തോടുകൂടി ഈ ജോലി നിർവ്വഹിക്കണമെന്നും വളരെ വ്യക്തമായി ലോട്ടറി ഡയറക്ടറുടെയും ഗവൺമെന്റിന്റെയും നിർദ്ദേശമുണ്ടായിരുന്നു. ആ നിർദ്ദേശം നിലനിൽക്കുമ്പോഴാണ് മാനേജിംഗ് ഡയറക്ടർ ചെന്നൈയിൽ നിന്നും ഒരു മെഷീൻ വാടകയ്ക്ക് എടുത്ത് പ്രിന്റ് ചെയ്യുന്നതനുവേണ്ട അനുമതി നൽകുകയും അതുവഴി ഭീമമായ നഷ്ടം വരാൻ പോകുന്നതും. ഒരു ഷീറ്റ് പ്രിന്റ് ചെയ്യുന്നതിന് 29 പൈസ മാത്രം ചെലവുവരുന്നിടത്ത് പുറത്തുനിന്നും എടുത്ത മെഷീൻ വഴി നിലവിൽ 92 പൈസയാകുകയാണ്. സ്ഥാപനത്തിലെ നിലവിലുള്ള മെഷീൻ ഉപയോഗിച്ച് പ്രിന്റ് ചെയ്യുമ്പോൾ പ്രതിവർഷം ഏതാണ്ട് 86,40,000 രൂപ വരുന്ന സ്ഥാനത്ത് 1,89,60,000-ത്തോളം രൂപയുടെ ചെലവ് ഈ ഒരിനത്തിൽ മാത്രം വരികയാണ്. 168-ാം നമ്പർ വിൻ വിൻ ലോട്ടറിയുടെ പ്രിന്റിംഗ് നടത്തി സമയത്ത് കൊടുക്കാത്തതുകാരണം അത് ക്യാൻസൽ ചെയ്തത് അങ്ങ് ശ്രദ്ധിച്ചുകാണുമെന്ന് ഞാൻ കരുതുകയാണ്.

168-ാമത് വിൻ വിൻ ലോട്ടറിയുടെ പ്രിന്റിംഗ് സമയബന്ധിതമായി നടത്തിക്കൊടുക്കാത്തതിനെത്തുടർന്ന് അത് ക്യാൻസൽ ചെയ്യുകയും തുടർന്ന് അവർക്കുവന്ന ചെലവ് ഏതാണ്ട് 44,50,000 രൂപ തിരികെ പിടിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അവിടത്തെ മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ളവർ ചേർന്ന 30-12-2013-ലെ യോഗത്തിന്റെ തീരുമാനം മാനേജിംഗ് ഡയറക്ടറോട് പറഞ്ഞിട്ടുണ്ട്. ഇവിടെ വിജിലൻസ് അന്വേഷണം നടക്കുകയാണ്. വിജിലൻസിനെ സംബന്ധിച്ചുള്ള ആക്ഷേപ അഴിമതിയെ സംബന്ധിച്ച് അന്വേഷിക്കണമെന്ന് തൊഴിലാളി സംഘടനകളുടെ ആവശ്യം സമർപ്പിച്ചതിനെത്തുടർന്ന് 2013-നവംബർ 21-ന് വിജിലൻസ് അന്വേഷണത്തിന്റെ പ്രാഥമിക റിപ്പോർട്ട് ഗവൺമെന്റ് സമർപ്പിച്ചിരിക്കുകയാണ്. ഈ നിലയിൽ ഈ സ്ഥാപനത്തെ തകർക്കാൻ മാനേജിംഗ് ഡയറക്ടർ നടത്തുന്ന ശ്രമങ്ങളെ അങ്ങ് ഗൗരവത്തോടുകൂടി എടുക്കാത്ത പക്ഷം 416 പേരെ........ ഒരു പക്ഷേ ഈ സംസ്ഥാനത്ത് ഏറ്റവും വലിയ പിരിച്ചുവിടൽ കണ്ട സ്ഥാപനമാണ് C-APT. അതിനെ സംരക്ഷിക്കാൻ വേണ്ടി കക്ഷി രാഷ്ട്രീയ ഭേദമന്യേ അതിനകത്തുള്ള എല്ലാ ട്രേഡ് യൂണിയനുകളും സംഘടനകളും ഒരുമിച്ച് നിൽക്കുകയാണ്. ഇത് സംബന്ധിച്ചൊക്കെ അവിടത്തെ മണ്ഡലം എം.എൽ.എ. ആയ ശ്രീ. കെ. മുരളീധരന് അറിവുള്ളതാണ്. മിക്കവാറും ഈ ജില്ലയിലെ ജനപ്രതിനിധികൾക്കും അറിവുള്ളതാണ്. അങ്ങ് ഇപ്പോഴും ഈ കാര്യത്തിൽ ഗൗരവമായി ഇടപെടുന്നില്ല. ശക്തിയായ അമർഷവും പ്രതിഷേധവും ഈ കാര്യത്തിൽ പ്രകടിപ്പിക്കുകയാണ്. ഈ സ്ഥാപനത്തെ രക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സി–ആപ്റ്റ് അഥവാ കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് എന്ന സ്ഥാപനം ഒരു കാലഘട്ടത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ജീവനക്കാർക്ക് ശമ്പളംപോലും നൽകുവാൻ സാധിക്കാത്ത അവസ്ഥയിലായിരുന്നു. ഈ അവസ്ഥയിൽനിന്നും സ്ഥാപനത്തെ ഏറെക്കുറേ കരകയറ്റിയെങ്കിലും ഇനിയും സ്ഥാപനം പൂർണ്ണമായും സാമ്പത്തിക ഭദ്രത കൈവരിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ ചില ഭരണ പരിഷ്കാരങ്ങളുടെയും ബഡ്ജറ്റ് വിഹിതമായി അനുവദിച്ച സാമ്പത്തിക സഹായത്തിന്റെയും പശ്ചാത്തലത്തിൽ മുൻകാല സാമ്പത്തിക ബാദ്ധ്യത നല്ലൊരു പരിധിവരെ കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ സ്ഥിരവരുമാന സ്രോതസ്സ് ലോട്ടറി ടിക്കറ്റ് അച്ചടിയാണ്. ഇതിനെ സെക്യൂരിറ്റി പ്രസ്സാക്കി മാറ്റി ലോട്ടറി ടിക്കറ്റുകൾ പ്രിന്റ് ചെയ്യുന്നതിന് ആധുനിക പ്രിന്റിംഗ് മെഷീനുകൾ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിനുവേണ്ടി ഭാഗ്യക്കുറി ടിക്കറ്റുകൾ അച്ചടിക്കുന്നതിന് സി–ആപ്റ്റിനൊരു ഫോർ കളർ വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് മുഖേന വാങ്ങുന്നതിന് 4.5 കോടി രൂപ സംസ്ഥാന ലോട്ടറി വകുപ്പിൽ നിന്നും വായ്പയായി നൽകിയിരുന്നു. ഈ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20-08-2013-ന് വിളിച്ചുചേർത്ത യോഗത്തിൽ ടെണ്ടർ ഇവാല്യുവേഷൻ കമ്മിറ്റി നിർദ്ദേശിച്ച ടെക്നിക്കൽ സ്പെസിഫിക്കേഷൻ ലോട്ടറി ടിക്കറ്റ് അച്ചടിക്കുന്നതിന് അപര്യാപ്തമാണെന്ന് മാനേ

ജിംഗ് ഡയറക്ടർ ഉൾപ്പെട്ട യോഗത്തിൽ പങ്കെടുത്ത മറ്റംഗങ്ങൾ അഭിപ്രായ പ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഫെസിഫിക്കേഷൻ ഉൾപ്പെടുത്തി വ്യക്തവും വസ്തുനിഷ്ഠവുമായ ഒരു പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി. അതേസമയം പ്രസ്തുത മെഷീൻ കെ.എസ്.ഐ.ഇ. മുഖേന വാങ്ങുമ്പോൾ ഉണ്ടായേക്കാവുന്ന വിൽപ്പനാനന്തര സേവനത്തെ സംബന്ധിച്ച ആശങ്കകൾ യോഗത്തിൽ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഐ.ഇ.യെ ഒഴിവാക്കി നേരിട്ടുവാങ്ങുവാനുള്ള അനുമതിക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാനും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നു. മേൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ സ്ഥാപനത്തിന്റെ മുഖ്യവരുമാന സ്രോതസ്സ് ലോട്ടറി ടിക്കറ്റ് അച്ചടിയാണ്. ലോട്ടറി ടിക്കറ്റുകൾ, ബാർ കോഡിംഗ് നമ്പറിംഗ് മുതലായവ ആധുനിക സംവിധാനത്തിൽ അച്ചടിച്ച് നൽകണമെന്ന തീരുമാനത്തെത്തുടർന്ന് അച്ച് Xerox മെഷീനുകൾ വാങ്ങി സ്ഥാപിച്ചുവെങ്കിലും അടിക്കടിയുണ്ടായ യന്ത്രത്തകരാറുമൂലം കമ്പനി ഉറപ്പുനൽകിയ ഉൽപ്പാദന ലക്ഷ്യം നേടുവാനായില്ലെന്നു മാത്രമല്ല, നാളുനാളായുള്ള നിരന്തര ഉപയോഗംമൂലം ഏതു നിമിഷവും പ്രവർത്തനരഹിതമാകാവുന്ന അവസ്ഥയിൽ ഓടുന്ന ഈ യന്ത്രങ്ങളെ ആശ്രയിച്ച് എല്ലാ ആഴ്ചയിലും കൃത്യമായി നൽകേണ്ട ലോട്ടറി ജോലികൾ ഏറ്റെടുക്കുവാൻ സാധിക്കാത്ത അവസ്ഥയുമുണ്ടായി. ഈ യന്ത്രങ്ങളുടെ തകരാറുമൂലം 2012 സെപ്റ്റംബർ 3–ാം തീയതി നറുക്കെടുപ്പ് നടത്തേണ്ടിയിരുന്ന ലോട്ടറികളുടെ നറുക്കെടുപ്പ് ലോട്ടറി വകുപ്പുതന്നെ റദ്ദാക്കേണ്ടതായ സ്ഥിതിയുണ്ടായി. ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുവാനും ലോട്ടറി ടിക്കറ്റുകളുടെ ആവശ്യകതയനുസരിച്ച് കൂടുതൽ

അച്ചടി ജോലി ഏറ്റെടുത്ത് കൃത്യസമയത്തുതന്നെ പൂർത്തിയാക്കി സ്ഥാപന ത്തിന്റെ വരുമാനം മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണെന്നതും കണക്കിലെ ടുത്താണ് ഉന്നത ഗുണനിലവാരത്തിലും ആധുനിക സാങ്കേതിക വിദ്യയിലും അധിഷ്ഠിതമായി നിർമ്മിച്ച വിദേശ യന്ത്രങ്ങൾ വാങ്ങേണ്ട സാഹചര്യം സംജാതമായത്. എന്നാൽ 2 കോടി രൂപയിലധികം മുതൽമുടക്ക് വേണ്ടിവരു മെന്നതിനാലും ഇത്തരം യന്ത്രങ്ങളുടെ സാങ്കേതിക വിദ്യയിൽ തുടർച്ചയായി മാറ്റം വന്നുകൊണ്ടിരിക്കുന്നതിനാലുമാണ് വൻതുക മുടക്കി യന്ത്രം സ്വന്ത മായി വാങ്ങാതെ വാടകയ്ക്കെടുക്കാനുള്ള സാധ്യതകളെക്കുറിച്ച് അന്വേഷി ച്ചത്. സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം ടെണ്ടർ വിളിച്ച് നിയമപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കിക്കൊണ്ട് വിദേശ നിർമ്മിതമായ ഈ യന്ത്രം കമ്പനിക്കാരുടെ ഇന്ത്യയിലെ പ്രതിനിധികൾ മുഖാന്തരം വാടകയ്ക്കെടുത്തത്. ലോട്ടറി ടിക്കറ്റ് അച്ചടിയിലെ വീഴ്ചമൂലം ഏതെങ്കിലും നറുക്കെടുപ്പ് റദ്ദാക്കിയാൽ അതിന്റെ ഉത്തരവാദിത്വം വാടകയ്ക്ക് യന്ത്രം നൽകിയ കമ്പനിക്കാണെന്ന നിബന്ധന കരാറിൽ പ്രത്യേ കമായി ചേർത്തിട്ടുണ്ട്. നേരത്തെ യന്ത്രങ്ങൾ വാങ്ങിയ കമ്പനിയുമായി ഉണ്ടാ ക്കിയ കരാറിൽ ഇത്തരമൊരു നിബന്ധന ഉണ്ടായിരുന്നില്ല. തന്മൂലം വിൻവിൻ –168 ലോട്ടറി ടിക്കറ്റ് റദ്ദാക്കിയതിലൂടെ ഉണ്ടാകുന്ന 46 ലക്ഷം രൂപയുടെ ബാദ്ധ്യത ഇപ്പോൾ സി–ആപ്റ്റ് വഹിക്കണമെന്ന് ലോട്ടറി വകുപ്പ് ആവശ്യപ്പെ ട്ടിരിക്കുകയാണ്. നേരത്തെയുള്ള യന്ത്രങ്ങളിൽ അഞ്ച് ശതമാനം വരെ വേസ്റ്റേജ് ഉണ്ടായിരുന്നപ്പോൾ വാടക മെഷീന്റെ യാതൊരുവിധ വേസ്റ്റേജും ഉണ്ടാകുന്നില്ല. വാടകയന്ത്രം തുടർച്ചയായി 24 മണിക്കൂറും പ്രവർത്തിപ്പി ക്കുവാൻ സാധിക്കുമ്പോൾ നിലവിലുള്ള യന്ത്രങ്ങൾ 8–12 മണിക്കൂർ വരെ

മാത്രമേ പ്രവർത്തിപ്പിക്കുവാൻ സാധിച്ചിരുന്നുള്ളൂ. കൂടാതെ വാടകയ്ക്കെടുത്ത ഈ യന്ത്രത്തിൽ നിന്നും ലഭിക്കുന്ന ഉൽപ്പാദന തുകയിൽ ഇപ്പോൾ നിലവിലുള്ള അഞ്ച് മെഷീനുകളിൽ നിന്നും ലഭിക്കുന്നതിനേക്കാൾ അധികമാണ്. മാത്രമല്ല, ഏകദേശം ഒരു കോടി രൂപയോളം മുതൽ മുടക്കി വാങ്ങിയ നിലവിലുള്ള അഞ്ച് യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നത് കമ്പനി ടെക്നീഷ്യന്റെ സേവനത്തെ നിരന്തരമായി ആശ്രയിച്ചാണ്. അതിന്റെ ഫലമായി മുതൽമുടക്കിനും മാനുഷ്യശേഷിക്കുമുപരിയായി എട്ട് ടിക്കറ്റുകൾ ഉൾപ്പെടുന്ന ഒരു എ3 സൈസ് ടിക്കറ്റിന് ഏകദേശം 40 പൈസ വീതം കമ്പനിക്ക് നൽകേണ്ടി വരുന്നതിനാൽ കമ്പനിക്ക് ഒരു മാസം ഏകദേശം 9 ലക്ഷം രൂപ സ്ഥാപനം നൽകേണ്ടൊരവസ്ഥയിലാണ്. മാത്രമല്ല, ഒരു യന്ത്രം ഇപ്പോൾ പ്രവർത്തന യോഗ്യമല്ലാതായിരിക്കുകയുമാണ്. മറ്റ് നാല് യന്ത്രങ്ങളും അവയുടെ ശോചനീയമായ അവസ്ഥയുടെ ഫലമായി ഉപയോഗയോഗ്യമല്ലാതായതിനാൽ അവ മാറ്റേണ്ടകാലം അതിക്രമിച്ചിരിക്കുകയാണ്. 2013 ഒക്ടോബർ മാസത്തെ കണക്കുപ്രകാരം നിലവിലുള്ള യന്ത്രങ്ങളിൽ നിന്നും ഒരുമാസം 1,55,58,984 (ഒരു കോടി അൻപത്തിയഞ്ച് ലക്ഷത്തി അൻപത്തിയെട്ടായിരത്തി തൊള്ളായിരത്തി എൺപത്തിനാല്) ടിക്കറ്റുകളാണ് കഷ്ടിച്ച് ലഭിക്കുന്നത്. എന്നാൽ വാടകയ്ക്കെടുത്ത മെഷീൻ രണ്ടുകോടി ടിക്കറ്റുകളുടെ ഉൽപ്പാദന ശേഷിയുള്ളതാണ്. അപ്രകാരം ഒരു മാസം 14,65,535 (പതിനാല് ലക്ഷത്തി അറുപത്തിയയ്യായിരത്തി അഞ്ഞൂറ്റി മുപ്പത്തിയഞ്ച്) രൂപയുടെ അധിക വരുമാനം ലോട്ടറി വകുപ്പിൽ നിന്നും സ്ഥാപനത്തിന് ലഭിക്കുന്നുണ്ട്. വാടകയ്ക്കെടുത്ത മെഷീനുപയോഗിച്ച് ലോട്ടറി ടിക്കറ്റ് പ്രിന്റ് ചെയ്യുന്നത് സി–ആപ്റ്റ് ജീവനക്കാർ തന്നെയാണ്. പുറത്തുനിന്നുള്ള ഒരാളെയും ഇതിനായി ഉപയോ

ഗിച്ചിട്ടില്ലെന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. പ്രസ്തുത യന്ത്രത്തിന് എന്തെങ്കിലും തകരാർ സംഭവിക്കുകയാണെങ്കിൽ അത് അപ്പോൾത്തന്നെ പരിഹരിക്കുന്നതിന് ഒരു ടെക്നീഷ്യന്റെ സേവനം 24 മണിക്കൂറും ലഭ്യമാണ്. സി–ആപ്റ്റിന് ലഭിക്കുന്ന ജോലികളുടെ നല്ലൊരുഭാഗവും യന്ത്രസംവിധാനങ്ങളുടെ അപര്യാപ്തതമൂലം സെന്ററിൽ ഇപ്പോൾ ചെയ്യാൻ സാധിക്കുന്നില്ല. ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടതിനാലും സബ്സെന്ററുകളുടെ നവീകരിച്ച തുക കണ്ടെത്തേണ്ടതിനാലും ഈ സ്ഥാപനത്തെ സ്വയം പര്യാപ്തതയിൽ എത്തിക്കേണ്ടതിന്റെ ആവശ്യം സംജാതമായിരിക്കുകയാണ്. അതേസമയം മുതൽ മുടക്കില്ലാതെ തന്നെ നല്ലൊരു ശതമാനം ജോലികളും സെന്ററിൽ തന്നെ നിർവ്വഹിക്കാനാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുവാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ജീവനക്കാരുടെ ക്ഷേമം മുൻനിർത്തി കഴിഞ്ഞ സാമ്പത്തികവർഷം ഇ.പി.എഫ്–ന്റെ തൊഴിലുടമാവിഹിതം പൂർണ്ണതോതിൽ പുനഃസ്ഥാപിക്കുകയും ഗ്രാറ്റുവിറ്റിക്കായി പ്രത്യേകമായൊരു ഫണ്ട് രൂപീകരിക്കുകയും ജീവനക്കാർക്കായി ഒരു ക്ഷേമനിധി ഉണ്ടാക്കുകയും ഓവർടൈം അലവൻസ് മണിക്കൂറിന് 20 രൂപയിൽ നിന്നും 40 രൂപയായി വർദ്ധിപ്പിക്കുകയും കൂടാതെ പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരിക്കുകയാണ്. ഒരുകാലത്ത് ജീവനക്കാരുടെ ശമ്പളവും ഇൻക്രിമെന്റും സ്ഥിരമായി മുടങ്ങിയിരുന്ന ഈ സ്ഥാപനത്തിൽ ഇപ്പോൾ എല്ലാമാസവും ഒന്നാം തീയതിതന്നെ ജീവനക്കാർക്ക് ശമ്പളവും മറ്റെല്ലാ ആനുകൂല്യങ്ങളും കൃത്യമായി നൽകുന്നുണ്ട്. വാടകയ്ക്കെടുത്ത യന്ത്രത്തിൽ ലോട്ടറി ടിക്കറ്റ് അച്ചടിക്കുന്നതിലൂടെ പ്രതി

മാസം 13 ലക്ഷം രൂപയുടെ നഷ്ടം സംഭവിക്കുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നും ലോട്ടറി സംബന്ധമായ എല്ലാ അച്ചടി ജോലികളും പൂർണ്ണമായും വട്ടിയൂർക്കാവിലുള്ള സി–ആപ്റ്റിന്റെ ഹെഡ് ഓഫീസ് കോംപ്ലക്സിൽ തന്നെയാണ് നിർവ്വഹിക്കുന്നതെന്നും അറിയിക്കുന്നു.

IV **മേശപ്പുറത്തുവച്ച കടലാസുകൾ**